Vol. II.) June 1931. (No. 6.



"എന്നെ അനുഗമിക്കുന്നവൻ അന്ധകാരങ്ങളിൽ നടക്കുന്നില്ല."

സംഗതിവിവരങ്ങൾ.

ക.	അത്ഭുതപ്രവർത്തകനായ വി. അന്തോനീസ്	ക്നാക.
ഖ.	സംസാരസാഗരത്തിൽക്കൂടെയുള്ള നമ്മുടെ യാത്ര	ക്നാഖ.
ന.	ഞാൻ പഠിച്ച പാഠം	ക്നാൻ.
ര.	പ്രായോഗികസ്നേഹം	ക്നര.
ങ.	വേദപ്രചാരത്തിൽ വിദ്യാർത്ഥികൾക്കുള്ള സ്ഥാനം	ക്നങ.
ന്യ.	പൊതുനിയോഗം	ക്നന്യ.
ച.	കോൺഗ്രസ്സിലെ ഉപസംഹാരപ്രസംഗം	ക്നച.
വ.	ഉടക്കുസൂചിത്തുന്നൽ	ക്നവ.
ൻ.	കുറിപ്പുകൾ	ക്നൻ.
ക്നാ.	പരസ്യങ്ങൾ	
ക്നക.	പഞ്ചാംഗം	

Sacred Heart High School,

Thevara, Ernakulam.

ഇവിടെ ഈ സ്കൂൾ വർഷാരംഭത്തോടുകൂടി ഫോത്ത് ഫോറവും സ്കൂളിനോടു അനുബന്ധിച്ചു കമ്മെലീത്ത വൈദികരുടെ മേൽനോട്ടത്തിൽ ഒരു ബോർഡിങ്ങുഹൌസും നടത്തിവരുന്ന വിവരം എല്ലാവരേയും അറിയിച്ചുകൊള്ളുന്നു. ബോർഡിങ്ങ് ഫീസ് കൊല്ലത്തിൽ അമ്പത്തിനാലു ഉറുപ്പികയാണ്.

മാനേജർ.

...ress and p...
THEVARA, ERNAKULAM.



1231 – പാദുവായിലെ അത്ഭുതപ്രവർത്തകൻ – 1931

THE KUDUMBA DEEPAM.

കുടുംബദീപം.

പുസ്തകം ൨. ജൂൺ ൧൯൨൫. ലക്കം ൬൯.

അത്ഭുതപ്രവർത്തകനായ

വി. അന്തോനീസ്.

കേരളത്തിലോ ഭാരതത്തിലോ മാത്രമല്ല ഭൂലോകത്തിലെങ്ങും ക്രിസ്തുമതസ്ഥരുടെയിടയിൽപോലും അത്ഭുതപ്രവർത്തകനെന്ന പ്രഖ്യാതി സമ്പാദിച്ച ഒരു സിദ്ധനാണു വിശുദ്ധ അന്തോനീസ്. ഇദ്ദേഹം സിദ്ധികൂടിയതു ൧൨൩൧ ജൂൺ മാസം ൧൩-ാം തീയതിയാകകൊണ്ടു ഇക്കൊല്ലം വിശുദ്ധന്റെ ഏഴാം ശതാബ്ദജൂബിലിയാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. മരിച്ചു ഒരുകൊല്ലം കഴിയുന്നതിനുമുമ്പു് അതായതു ൧൨൩൨ മേയ് ൩൦-ാംനു- ഇദ്ദേഹത്തിന്റെ നാമം പുണ്യവാന്മാരുടെ പട്ടികയിൽ ചേർക്കപ്പെട്ടു. അതുകൊണ്ടു ഈ മാസം ൧൩-ാംനു- മുതൽ അടുത്തകൊല്ലം ജൂൺ ൧൩-ാംനു- വരെ ജൂബിലി വർഷമായിരിക്കുമെന്നു പ്രഖ്യാപനം ചെയ്തു കഴിഞ്ഞിരിക്കുന്നു.

ഈ പുണ്യവാനെ മരിച്ചടക്കിയ സ്ഥലമായ പാദുവായിൽ ജൂബിലിയാഘോഷം പ്രമാണിച്ചുള്ള ഒരുക്കങ്ങൾ ഈ കൊല്ലാരംഭം മുതൽതന്നെ തകൃതിയായി നടന്നുവരുന്നു. വൈദികരും

ലൌകികരും അക്രൈസ്തവരും അഹമഹമികയാ ഇതിൽ പങ്കു കൊള്ളുന്നുണ്ട്. അതിമനോഹരമായ വി. അന്തോനീസിന്റെ ബസിലിക്കായുടെ അകവും പുറവും കമനീയമായി അലങ്കരിച്ചു വരുന്നു.

പാടുവാ മാത്രമല്ല കത്തോലിക്കലോകം മുഴുവനും ഈ ആഘോഷങ്ങളിൽ ഭാഗഭാക്കാവുന്നതാണ്. ഇംഗ്ലണ്ട്, അയർലണ്ട് മുതലായ പ്രധാന രാജ്യങ്ങളിൽ നിന്നെല്ലാം തീർത്ഥയാത്രാസംഘങ്ങൾ വിശുദ്ധന്റെ ശവക്കല്ലറയിലേയ്ക്കു പൊയ്ക്കൊണ്ടിരിക്കുന്നു. അമ്മേരിക്കയിൽനിന്നു 'കമ്മാനിയാ' എന്ന വലിയ ആവിക്കപ്പൽ തീർത്ഥയാത്രക്കാരേയും കൊണ്ടു ഈ മാസം ഫ്രൻ-ാംനു-പുറപ്പെട്ടുന്നതാണ്. പുണ്യവാന്റെ ജന്മദേശമായ ലിസബൺ പട്ടണത്തിലും ഇതേ സംബന്ധിച്ചു വലിയ ഒരുക്കങ്ങൾ നടത്തിവരുന്നുണ്ട്. പാടുവായിൽ മാപ്പിപ്പായുടെ സ്ഥാനാപതിയായ ഒരു കർദ്ദിനാളും ഈ അവസരത്തിൽ സന്നിഹിതനായിരിക്കും.

ഫ്രാൻസിസ്കൻ സഭയിലെ രത്നമായ ഈ പുണ്യവാന്റെ ജൂബിലി മഹാമഹം പ്രമാണിച്ചു പരിശുദ്ധ പിതാവു ഒരു സുദീർഘമായ ലേഖനം പാടുവാ മെത്രാനു അയച്ചിട്ടുണ്ട്. "അന്തോനിയാനാ സൊളെമനിയാ" (*Antoniana Solemnia*) എന്നാരംഭിക്കുന്ന ആ സന്ദേശത്തിൽ ഈ വിശുദ്ധന്റെ അനിതരസാധാരണമായ അനേക പുണ്യങ്ങളെ വിസ്മരിച്ചുകൊണ്ടു, വെറും ലൌകിക നന്മകൾ ലഭിക്കുന്നതിനു മാത്രമായിട്ടാണു അധികമാളുകളും പ്രാർത്ഥിച്ചു വരാറുള്ളതെന്നു പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു മാപ്പിപ്പാ ആ പുണ്യവാന്റെ അതിശയനീയമായ ശുദ്ധത, അതുല്യമായ എളിമ, ആത്മരക്ഷയിലുള്ള അസാധാരണമായ ശുഷ്കാന്തി, ദൈവിക തത്വങ്ങളെ പാലിക്കുന്നതിലുള്ള സന്നദ്ധത മുതലായവയെപ്പറ്റി സാമാന്യം ദീർഘമായിതന്നെ എഴുതീട്ടുണ്ട്. ഈ അടുത്തുവരുന്ന ജൂബിലിയാഘോഷങ്ങളിൽ ഫ്രാൻസിസ്കൻ സഭയുടെ രത്നമായ ഈ പുണ്യപുഷ്പത്തിന്റെ ജീവിതത്തിലെ ഈ വശത്തെപ്പറ്റി, വിശ്വാസവും സന്മാർഗ്ഗവും ക്ഷയിച്ചുവരുന്ന ഇക്കാലത്തു വൈദികരും ഉൽമേനികളും ധ്യാ

നിച്ചു അതു പുണ്യങ്ങളെ അവരുടെ സ്വന്തമാക്കേണ്ടതാണെന്നു ഉപദേശിച്ചിരിക്കുന്നു. പരിശുദ്ധ പിതാവിന്റെ ലേഖനത്തിൽ ചില ഭാഗങ്ങളെ ഉദ്ധരിക്കയെന്നുവെച്ചാൽ അതുകൊണ്ടുതന്നെ ഈ ഉപന്യാസം ദീർഘിച്ചുപോകാനിടയുള്ളതിനാൽ വിശുദ്ധന്റെ ഒരു ജീവചരിത്രസംക്ഷേപം മാത്രമാണു ഇതിനുപരി ചേർക്കാൻ ഉദ്യമിക്കുന്നതു്.

പോർത്തുഗൽ രാജ്യത്തിന്റെ തലസ്ഥാനമായ ലിസബൻ നഗരത്തിൽ ഉത്തമ മാതാപിതാക്കന്മാരിൽനിന്നു് അന്തോനി ഫ്രാൻ൫-ൽ ജനിച്ചു. അദ്ദേഹത്തിന്റെ അന്നത്തെ പേരു ഫെർഡിനാണ്ടു് എന്നായിരുന്നു. പതിനഞ്ചാമത്തെ വയസ്സിൽ ആ പട്ടണത്തിലുണ്ടായിരുന്ന ആഗുസ്തീനോസു പുണ്യവാന്റെ സന്ന്യാസികളുടെ ക്രുത്തിൽ ചേരുകയും രണ്ടു വർഷം കഴിഞ്ഞു കോയിമ്പ്രാ എന്ന സ്ഥലത്തേക്കു് മാറി താമസിക്കയുംചെയ്തു. അവിടെ പതിനെട്ടു വർഷക്കാലം ധ്യാനത്തിലും പഠനത്തിലും കഴിച്ചുക്രൂട്ടി. ൧൨൨൦-ൽ ഫ്രാൻസിസ്കൻ സഭയിലെ ആദ്യ വേദസാക്ഷികളുടെ തിരുശ്ശരീരങ്ങൾ കോയിമ്പ്രായിൽ കൊണ്ടുവന്നു. ആ കാഴ്ച ഫെർഡിനാണ്ടിൽ വലിയ മാറ്റംതന്നെ വരുത്തി. ഉടൻതന്നെ ഫ്രാൻസീസ്കൻ സഭയിൽചേർന്നു് സാരെസന്മാരോടു സുവിശേഷം പ്രസംഗിക്കണമെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. അങ്ങിനെതന്നെ അദ്ദേഹം സഭയിൽചേർന്നു് അന്തോനി എന്നു പേരെടുത്തു. ഫ്രാൻസിസ്കൻ സഭയിൽ ചേർന്നു ഏറെ കഴിയുന്നതിനുമുമ്പു് മൊറാക്കോയിലേയ്ക്കു യാത്ര തിരിച്ചു. അവിടെ ചെന്നെത്തിയപ്പോൾ രോഗം പിടിപെടുകയും ആ വർഷാവസാനത്തോടുകൂടി പൊർത്തുഗാളിലേക്കു പിന്തിരിയുന്നതിനു നിർബ്ബന്ധിതനായിത്തീരുകയും ചെയ്തു. യാത്രയിൽ കാറ്റു അനുകൂലമല്ലാതിരുന്നതുകൊണ്ടു കപ്പൽ സിസ്സിലിത്തീരത്തു ചെന്നടുത്തു്. അദ്ദേഹം രോഗം മാറുന്നതുവരെ അവിടെത്തന്നെ താമസിച്ചു. ആ സമയത്തു അസ്സീസിയിൽ പൊതുസംഘം നടക്കുന്ന വിവരമറിഞ്ഞു അദ്ദേഹം വേഗത്തിൽ അവിടെ എത്തി. ആരുടെയും ശ്രദ്ധയിൽ പെടാതെ കഴിച്ചിരുന്ന അദ്ദേഹം സംഘം കഴിഞ്ഞ

പ്പോഴും കോയിമ്പ്ര പ്രോവിൻഷ്യാളിന്റെ അടുക്കൽ എത്തി തനിക്കു ധ്യാനത്തിലും പ്രായശ്ചിത്തത്തിലും ജീവിതം കഴിക്കത്തക്കവണ്ണം ഒരു സ്ഥലം നിശ്ചയിച്ചു തരണമെന്നപേക്ഷിച്ചു. അതുപ്രകാരം മോന്തേപ്പോളൊ എന്നൊരാശ്രമമാണ അദ്ദേഹത്തിനു ലഭിച്ചത്. സന്യാസികളുടെ 'പട്ടംകൊട'യിൽ സംബന്ധിക്കുന്നതിനായി അദ്ദേഹവും പ്രൊവിൻഷ്യാളൊന്നിച്ചു ഫോർളിയിൽ ചെന്നു. എന്നാൽ അന്നു പ്രസംഗം പറയുന്നതിനു ഒരുത്തനേയും അവിടെ നിശ്ചയിച്ചിരുന്നില്ല. എല്ലാവരുംകൂടി ആഭാരം അന്തോനിയുടെ തോളിൽവെച്ചു. ആ അവസരത്തിൽ അദ്ദേഹത്തിന്റെ അഗാധമായ ജ്ഞാനത്തെ കണ്ടു എല്ലാവരും വിസ്മയിച്ചുപോയി. ഫ്രാൻസീസ് പുണ്യവാൻ ഇതറിഞ്ഞപ്പോൾ വേദശാസ്ത്രം പഠിപ്പിക്കുന്നതിനായി അദ്ദേഹത്തെ ആദ്യം ബോളോഞ്ഞായിലും പിന്നീടു മോണ്ടുപെല്ലറിലും ഒടുവിൽ തൂളൂസായിലും ആക്കി. ഒരു പ്രാസംഗികനെന്ന നിലയിലാണ അന്തോനി അധികം ശോഭിച്ചത്. പതിതരെ മനസ്സുതിരിക്കുന്നതിൽ അദ്ദേഹത്തിന്റെ അധികസമയവും വിനിയോഗിച്ചു. ഈ കാരണത്താൽ അദ്ദേഹത്തിന് 'പാഷണ്ഡികളുടെ ചുറിക' (*Malleus Hereticorum*) എന്ന നാമധേയം സിദ്ധിക്കാനിടയായി. പ്രകൃതിഭേദങ്ങളായ ഈ ഗുണങ്ങൾക്കു പുറമെ ദീഘദർശനം ചെയ്യുന്നതിനും അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനുമുള്ള പ്രത്യേക വരങ്ങളും ഇദ്ദേഹത്തിനു ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ അന്ത്യകാലത്തിൽ ചെയ്ത മിക്ക അത്ഭുതങ്ങളും പ്രായേണ അവിശ്വസനീയങ്ങളായി തോന്നാനിടയുണ്ട്. എങ്കിലും അവയെല്ലാം ചരിത്ര ലക്ഷ്യങ്ങളാൽ സംസ്ഥാപിതമാകകൊണ്ടു അവയെക്കുറിച്ചു ആക്ഷേപം സംശയിച്ചിട്ടാവശ്യമില്ല. അന്തോനി സഭയിലെ പല വലിയ ഉദ്യോഗങ്ങളും വഹിച്ചിട്ടുണ്ട്. ഫ്രഞ്ചർ-ൽ കുസ്താസ പ്രോവിൻഷ്യാലായി രണ്ടുകൊല്ലം ലിമോസിനിൽ ഇദ്ദേഹം ജോലി നോക്കീട്ടുണ്ട്. ഫ്രഞ്ചാ-ൽ ഫ്രാൻസീസു പുണ്യവാന്റെ മരണശേഷം അന്തോനി ഇറലിയിലേയ്ക്കു തന്നെ മടങ്ങിപ്പോയി. അവിടെ അദ്ദേഹം മിനിസ്റ്റർ പ്രോവിൻ

ഷ്യാലായി തെരിഞ്ഞെടുക്കപ്പെട്ടു. സുവിശേഷ ജോലിയിൽ ത
ന്റെ സമയം മുഴുവനും ചിലവഴിക്കണമെന്നുള്ള ഉദ്ദേശത്തോട്ട
ക്രൂടി ആ ഉദ്യോഗവും ഫ്രഞ്ചാ-ൽ ഉപേക്ഷിച്ചു് താൻ സ്ഥാപി
ച്ചതായ പാദുവാ ആശ്രമത്തിലേയ്ക്കു അദ്ദേഹം മടങ്ങിപ്പോയി.
മറ്റു സ്ഥലങ്ങളിലെപ്പോലെ ഇവിടേയും അനവധി അത്ഭുതങ്ങ
ളും അദ്ദേഹം പ്രവൃത്തിച്ചു. അദ്ദേഹം അവസാനപ്രസംഗം ചെ
യ്തതു് ഫ്രഞ്ച-ലെ നോമ്പുകാലത്തായിരുന്നു. അദ്ദേഹത്തി
ന്റെ മരണശേഷം ഒരു കൊല്ലത്തിനുമുമ്പു് ൻ-ാം ഗ്രിഗോരിയോ
സു മാപ്പ്രാപ്പാ അദ്ദേഹത്തെ പുണ്യവാന്മാരുടെ പട്ടികയിൽ ചേ
ത്തു. അസാധാരണങ്ങളായ അനുഗ്രഹങ്ങളും സിദ്ധിക്കുന്നതിനും
പ്രത്യേകിച്ചു് നഷ്ടപ്പെട്ട സാധനങ്ങളും ലഭിക്കുന്നതിനും ഇദ്ദേഹ
ത്തിന്റെ മദ്ധ്യസ്ഥം അപേക്ഷിക്കുക എല്ലായിടത്തും സാധാര
ണയാണു്.

സംസാര സാഗരത്തിൽ ക്രൂടെയുള്ള നമ്മുടെ യാത്ര.

(ഫാദർ എജിദിയോസ് സി. ഡി.)

ലോകം അലയടിച്ചു കയറുന്ന ഒരു മഹാ സമുദ്രത്തിനു് സ
മമാണു്. അതിൽ ക്രൂടെ യാത്രചെയ്യുന്ന യാനപാത്രമാകുന്ന മ
നുഷ്യൻ. പ്രസ്തുത യാനപാത്രത്തെ അപകടരഹിതമാകുന്ന തു
റയിൽ കൊണ്ടു ചെന്നാക്കുന്നതിനുള്ള മാലുമി ഉദ്യോഗം വഹിക്കു
ന്നതു് അവൻ തന്നെയാണു്. അതിലെ ഏക യാത്രക്കാരൻ അ
വന്റെ അമർത്യമായ ആത്മാവത്രേ. സുരക്ഷിതവും അപകട
സാമീപ്യമില്ലാത്തതുമായ സ്വർഗ്ഗമെന്ന തുറമുഖത്തു അതിനെ
കൊണ്ടുചെന്നാക്കുക എന്നതു് വളരെ വിഷമതയേറിയ ഒരു സം
ഗതിയാകുന്നു സംശയമില്ല. ഇത്ര വിഷമതയേറിയ ഈ മഹാ
യാത്രയേ സുകരമായി പര്യവസാനിപ്പിക്കുന്നതിനു് നമുക്കു് ഒരു

എളുപ്പവഴിയുണ്ട്. മാലുമികം വടക്കുനോക്കിയന്ത്രത്തിന്റെ സഹായത്താൽ യാനപാത്രത്തെ നിശ്ചിതസ്ഥലത്തു കൊണ്ടുചെന്നാക്കുന്നതുപോലെ ദൈവതിരുമനസ്സിന്നു കാന്തസൂചിയുടെ ചലനഗതി ഒപ്പിച്ചു നമ്മുടെ യാനപാത്രത്തെ നാം നയിക്കുന്നെങ്കിൽ സ്വർഗ്ഗമെന്ന നിർഭയതുറയിൽ ക്ഷണത്തിൽ നമുക്ക് ചെന്നെത്താവുന്നതാകുന്നു. ഇതിനായിട്ടാണ് സർവ്വനിയന്താവാകുന്ന സകലേശൻ പ്രമാണങ്ങളേയും ജീവിതാവസ്ഥയിലുള്ള ക്രമച്ചട്ടങ്ങളേയും അവിടുത്തെ പരിപാലന വഴിയായിട്ടു നമുക്ക് പ്രദാനം ചെയ്തിരിക്കുന്നതു്. ഇപ്രകാരമുള്ള ഒരു നിശ്ചിത മാർഗ്ഗത്തിലൂടെ ഈ യാനപാത്രത്തെ ശരിയായി നയിച്ചുകൊണ്ടുപോകുന്നതു് നമ്മുടെ തല്ക്കാലസ്ഥിതിക്ക് വളരെ വിഷമതയുള്ള ഒരു സംഗതിയാണു്. ചിലപ്പോഴെല്ലാം നമ്മുടെ കപ്പലിനെ അലറുന്ന കല്ലോലജാലങ്ങളും ഇളക്കിമറിച്ചെന്നുവരാം. ഒരുപക്ഷേ അതിൽ വെള്ളം അടിച്ചു കയറുകയോ, പാറമേൽ അടിച്ചു ഉടയ്ക്കുന്നതിനുള്ള ആപത്തിൽ കൊണ്ടുചെന്നാക്കുകയോ ചെയ്യുമെന്നും വന്നേക്കാം. ഈ തരുണത്തിൽ എന്താണു് നാം ചെയ്യേണ്ടതു്. ആരാണ് നമ്മുടെ സഹായത്തിനു വരുന്നതു്. പരമകാരുണികനായ ദൈവമല്ലയോ? ആകാശം മേഘപടലങ്ങളാൽ മൂടപ്പെട്ടുകയും, മേഘങ്ങളും ഭീകരഗർജ്ജനങ്ങളാൽ ലോകത്തെ വിറപ്പിക്കുകയും ചെയ്താൽപോലും ഈ വഴി നിർബ്ബാധമായി നമ്മുടെ മുമ്പാകെ തുറന്നു തന്നെ കിടക്കും. നാം അപേക്ഷിക്കുന്നെങ്കിൽ വരപ്രസാദം നമുക്ക് ഉണ്ടാകാതെ വരികയില്ല. എന്നാൽ ഒരു കാര്യം ഇവിടെ നാം ചെയ്യേണ്ടതുണ്ടു്. കടൽ, ക്ഷോഭത്താൽ ഇളകിമറിഞ്ഞാൽ പോലും നാം നമ്മുടെ കപ്പലിനെ പിശറിനനുകൂലമായി വിടാതെ നേർവഴിയിൽ ക്രമേണ നിശ്ചിതസ്ഥലത്തേക്ക് നയിക്കണമെന്നുള്ളതാണു്. ഇതിൽ വെച്ചാണ് അനേകരും തെറ്റിപ്പോകുന്നതു്. പ്രകൃതിയോടുള്ള ഈ കഠിനപോരാട്ടത്തിൽ ഇപ്രകാരമുള്ള ഒരു ദൃഢമനസ്സു് നമുക്ക് എങ്ങിനെ ഉണ്ടാകും. ശാന്തമായ സമുദ്രത്തിൽ ക്രമേണയുള്ള യാത്രയിലല്ലല്ലൊ മാലുമിയുടെ ധൈര്യവും ധീരശക്തിയും വെളി

പ്പെടുന്നതു്. അലറിക്കയറുന്ന അലകളെ അഗണ്യമാക്കിയും, അനിലന്റെ അതിശക്തിയായ ഊക്കിനെ ഗൗനിക്കാതെയും തോണിയെ മുമ്പോട്ടു നയിക്കുന്നതിലത്രേ സമർത്ഥനായ മാലുമിയുടെ പ്രാഭവം വെളിപ്പെടുന്നതു്. ഇപ്രകാരം തന്നെ നാം ദൈവികശക്തിയാൽ ബഹുപ്രാപിച്ചു ലോകത്തോടു് ധൈര്യസമേതം സമരം ചെയ്യുന്നെങ്കിൽ മാത്രമേ സുരക്ഷിതമായ സ്വർഗ്ഗത്തിൽ ചെന്നെത്തുന്നതിനു് സാധിക്കുകയൊള്ളൂ.

ഈ വഴിയിൽ ക്രൂടെ തന്നെയാണു് വിശുദ്ധന്മാർ എല്ലാം യാത്ര ചെയ്തിട്ടുള്ളതു്. അവർ ദൈവതിരുമനസ്സിനു് തങ്ങളെ തന്നെ കാഴ്ചവെച്ചുകൊണ്ടാണു് ധീരധീരം പോരാടിയതു്. തന്മൂലം തങ്ങളുടെ ശത്രുക്കളെ പരിപൂർണ്ണമായി അവർ കീഴടക്കി ജയഭേരി മുഴക്കി. ഇതുപോലെ നമുക്കും ചെയ്യുക്രൂടെയോ? ആധുനിക കാലത്തുള്ളവരായ നാം, ഒരു നിശ്ചിത അന്ത്യമോ, യന്ത്രനിയന്ത്രണപരിചയമോ ക്രൂടാതെ നമ്മുടെ കപ്പലുകളെ മഹാസമുദ്രത്തിലേക്കു് ധൈര്യസമേതം ഇറക്കിവിടുന്നു. ഹാ കഷ്ടം! ഈ ക്രൂട്ടരുടെ അന്ത്യമെന്തായിരിക്കും. കവിവരനായ ക്ലൈമൻറ് ബ്രൗൻറാനായോടു ക്രൂടെ "അനേകമാളുകളുടെ കപ്പലിന്റെ ക്രൂട്ടത്തിൽ എന്റേറതും ഇതാ ജലത്തിൽ ആണ്ടുപോകുന്നു എന്നു അവർ നിലവിളിക്കുവാനിടവരും."

ന. ദിവ്യരക്ഷകനേക്കാൾ ദിവ്യനായ ഒരു മാലുമിയെ എവിടെ കണ്ടെത്തുവാൻ നമുക്കു് സാധിക്കും. അദ്ദേഹത്തിന്റെ ദിവ്യനേത്രങ്ങൾ സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുമനസ്സെന്ന വടക്കുനോക്കിയിലത്രേ സർവ്വദാ പതിഞ്ഞിരുന്നതു്. അവിടുത്തെ തിരുക്കരങ്ങൾ, സ്നേഹമാരുതനാൽ വിടാതെ നില്ക്കുന്ന തന്റെ ഹൃദയമാകുന്ന കപ്പൽ പായെ സദാ നയിച്ചുകൊണ്ടിരുന്നു. ഏകദേശം രണ്ടായിരംവർഷക്കാലത്തോളം ഈ മാലുമിയുടെ പിന്നാലെയത്രേ സകല വിശുദ്ധന്മാരും യാത്ര ചെയ്തതു്. അവർക്കു് മടിയാകട്ടെ മന്ദമാകട്ടെ യാത്രാക്ലേശമാകട്ടെ ഉണ്ടായിരുന്നില്ല. ഓരോരുത്തരും തങ്ങളുടെ ശക്തിക്കനുസരണം വേലചെയ്തു. ക്ഷീണിച്ച തങ്ങളുടെ കരങ്ങളെ ഇളയ്ക്കാ

തെ സധൈര്യം തങ്ങളുടെ യാനപാത്രങ്ങളെ അവർ മുന്നോട്ട നയിച്ചു. അവസാനം അവർ രക്ഷയുടെ സുരക്ഷിതമായ തുറയിൽ ക്ഷണത്തിൽ ചേരുകയും ചെയ്തു. ഇപ്രകാരമുള്ള ഒരു മനോദാർഢ്യത അവക്ക് എങ്ങിനെ ലഭിച്ചു. നിരന്തരമായ പരിത്യാഗപ്രവൃത്തിമൂലം അവരുടെ മനസ്സിനെ അവർ ബലപ്പെടുത്തി. ലോകസാഗരത്തിലെ അലകളുടെ ശക്തി എത്രമാത്രം വർദ്ധിക്കുമോ അത്രയും തങ്ങളുടെ പരിത്യാഗപ്രവൃത്തികളെ വർദ്ധിപ്പിച്ചു തങ്ങളെത്തന്നെ മ്ശിഹായിൽ ഭരമേല്പിക്കുകയും ചെയ്തു. ഈ മനോശരണത്തിൽ നിന്നാണ് അവർ പ്രസ്തുത ശക്തിയെ സ്വീകരിച്ചത്. ഇതുപോലെ നമുക്കും പ്രവർത്തിച്ചു കൂടെയോ? പരിത്യാഗപ്രവൃത്തികളെ പരിശീലിച്ചു നമ്മെത്തന്നെ ബലപ്പെടുത്തുവാൻ നമുക്ക് പാടില്ലയോ? എത്രമാത്രം അവസരങ്ങളാണ് നാം നഷ്ടപ്പെടുത്തുന്നത്. വൃഥായുള്ള സംസ്സാരം, പരിഹാസമായതും പാപകർമ്മഷം നിറഞ്ഞതുമായ വാക്കുകൾ, പ്രവൃത്തികൾ, വിനയരഹിതമായ നടത്തകൾ, എന്നിതുകൾക്കായി എത്രമാത്രം സമയം നാം നഷ്ടപ്പെടുത്തുന്നു എന്നു ഓരോരുത്തരും തന്നെ പരിശോധിച്ചു നോക്കട്ടെ. ഇപ്രകാരമുള്ള തണ്യാത്മപീയുടെ പാപപാശങ്ങളിൽ ഉൾപ്പെടാതെ ധൈര്യസമേതം അതിനെതിരായി നാം പോർ നടത്തുന്നു എങ്കിൽ നരവൈരിയെ ജയിക്കാമെന്നു തന്നെയല്ല, ദിവ്യമായ ഒരു ശക്തി പ്രാപിച്ചു ബലവാന്മാരായിത്തീരുക കൂടെച്ചെയ്യാം. നാം നമ്മിൽ തന്നെ ശക്തി കണ്ടെത്തരുത്. നമ്മിൽ ശരണം വെയ്ക്കയുമരുത്. നിരന്തരമായി പ്രാർത്ഥിക്കണം. അടുക്കലെടുക്കൽ വി. കൂദാശകളെ സ്വീകരിക്കണം. മ്ശിഹായിൽ നമ്മുടെ ശരണം മുഴുവനും പ്രതിഷ്ഠിക്കണം. "ഈശോയുടെ പരിപാവനഹൃദയമേ! ഞാൻ നിന്നിൽ ശരണപ്പെടുന്നു" എന്നു നമുക്ക് അടിയ്ക്കടി ഉരുവിടാം. ഇപ്രകാരം ചെയ്യുന്നെങ്കിൽ നാം നശിക്കുകയില്ല. നമ്മുടെ കപ്പൽ മുങ്ങുകയുമില്ല. നിത്യരക്ഷയുടെ തുറമുഖത്തു ക്ഷണത്തിൽ ചെന്നെത്തുകയും ചെയ്യാം.

ഞാൻ പഠിച്ച പാഠം.

(റവ. റ്റി. കെ. കാവാലം.)

അന്ന് ഞായറാഴ്ച ദിവസമായിരുന്നു. പതിവനുസരിച്ച് ഞാൻ പള്ളിയിൽ പോയി. പ്രസംഗം വിശേഷം തന്നെയായിരുന്നു. പ്രസംഗമദ്ധ്യേ വികാരിയച്ചൻ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി. "നമ്മുടെ യജമാനൻ ഇന്ന് ഈ നഗരത്തെ സന്ദർശിക്കുന്നതായിരിക്കും. പക്ഷെ, ഏതു ഭവനത്തിലാണ് രാത്രി കഴിച്ചുകൂട്ടുന്നതെന്ന് ഒരുവനും നിശ്ചയമില്ല." ഇതു കേട്ടമാത്രയിൽ ചില ചിന്താപരമ്പരകൾ എന്റെ മനസ്സിൽ കടന്നുകൂടി. "അദ്ദേഹം എന്റെ ഭവനത്തിലേയ്ക്കു വരുകയാണെങ്കിൽ ഞാൻ എന്തു ചെയ്യും? ഇത്ര ബഹുമാന്യനായ ഒരതിഥിയെ ഞാൻ എങ്ങിനെയാണ് സല്ക്കരിക്കുക?" എന്നെല്ലാം ചിന്തിച്ചിരിക്കയിൽ പ്രസംഗം അവസാനിച്ചു. എല്ലാവരും അവരവരുടെ വസതികളിലേയ്ക്കു മടങ്ങി. ഞാനും നേരെ വീട്ടിലേയ്ക്കു തന്നെ നടകൊണ്ടു. വീട്ടിൽ എത്തിയ ഉടനെ ഭവനത്തിന്റെ പുരോഭാഗമെല്ലാം അടിച്ചു വെടിപ്പാക്കി പരിശുദ്ധരീതിയിൽ മോടിപിടിപ്പിച്ചു. ചേതോഹരവും സൗരഭ്യസമ്പൂർണ്ണവുമായ പുഷ്പലതാദികളാൽ വാതിലുകളും വാതായനങ്ങളും മുറികളും എന്നു വേണ്ട, ഭവനം മുഴുവനും പൂങ്കാവനംപോലെ ആക്കിത്തീർത്തു. എന്റെ ശ്രമം പൂർത്തിയാകുന്നതിനു മുമ്പു തന്നെ യജമാനൻ വന്നേയ്ക്കുമോ എന്നുള്ള ശങ്കയാൽ ദ്രുതഗതിയിലാണ് ഈ നടപടികളെല്ലാം നടത്തിയത്.

ജോലിത്തിരക്കിനിടയിൽ ഒരു സാധുമനുഷ്യൻ പടിവാതിക്കൽ മുട്ടി. വല്ല സഹായമോ തെല്ലാശ്വാസമോ എന്നിൽ നിന്നും ലഭിക്കുമെന്നുള്ള പ്രത്യാശയോടുകൂടിത്തന്നെയാണ് അയാൾ വന്നത്. എന്നാൽ യാചനാരൂപേണയുള്ള അയാളുടെ വാക്കുകൾ അവസാനിക്കും മുമ്പായി ഞാൻ: "നിന്റെ പാത്രം കേടും

ക്കാനോ വല്ല സഹായം ചെയ്യാനോ ഇന്നെനിക്കു അവസരമില്ല. മറവു ഗൗരവമേറിയ കാര്യങ്ങളെക്കുറിച്ചു് അന്വേഷിക്കേണ്ടതായിട്ടുണ്ടു്" എന്ന നിർദയം പറയുകയുണ്ടായി. ഇതു കേട്ടയുടൻ തന്നെ ആ സാധു സ്ഥലം വിട്ടുപോകയും ചെയ്തു.

അധികതാമസം കൂടാതെ വേറൊരുത്തൻ അവിടെ വന്നു കയറി. അയാൾ നന്നായ്ശോഷിച്ചു്, വാടിതളർന്ന ഒരു രൂപം; പോരെങ്കിൽ ഒരു മൂകനും ബധിരനുമാണു്. "ഞാൻ രാവിലെ മുതൽ നടക്കാൻ തുടങ്ങി. എനിക്കു് അസഹനീയമായ വിശപ്പും തളർച്ചയും ഉണ്ടു്. ഇവിടെ താമസിച്ചു് എന്റെ യാത്രാക്ലേശം ഒന്നു തീർത്തുകൊള്ളട്ടെ? എന്റെ ഹൃദയം സങ്കടങ്ങളാൽ ഞെരുക്കപ്പെട്ടുന്നു. വല്ലതുണ്ണിയും വല്ലവരിൽ നിന്നും ലഭിക്കുമെന്ന ഉള്ള പ്രതീക്ഷയോടു കൂടി ഞാൻ ഇറങ്ങി പുറപ്പെട്ടിരിക്കയാണു്," എന്നു അയാൾ ഗൽഗദ സ്വരത്തിൽ പറഞ്ഞു

"എനിക്കു വാസ്തവത്തിൽ സഹതാപം ഉണ്ടു്. പക്ഷെ ഇന്നു്, തന്നെ സഹായിക്കുന്നതിനു് നിവൃത്തിയില്ല. എന്തെന്നാൽ കൂടിനനായ ഒരതിഥിയെ ഞാൻ പ്രതീക്ഷിച്ചിരിക്കയാണു്," എന്നതെ ഞാൻ പ്രത്യുത്തരം നല്കിയതു്. ആ സാധു ഒരക്ഷരം പോലും ഉച്ചരിക്കാതെ അയാളുടെ വഴിക്കുപോയി. ഓരോ മണിക്കൂറും കഴിച്ചു ചാടികടക്കുന്നതായി എനിക്കു തോന്നി. എന്റെ ജോലി ഏറെക്കുറെ പൂർത്തിയായിരിക്കുന്നു. "യജമാനൻ എന്റെ ഭവനത്തിലേയ്ക്കു തന്നെ വരണമേ" എന്നുള്ള ഒരു പ്രാർത്ഥന എന്റെ ഹൃദയാന്തർഭാഗത്തു സദാ കൂടികൊണ്ടു.

എപ്രകാരമാണു് അദ്ദേഹത്തെ ഞാൻ സ്വീകരിക്കേണ്ടതെന്നും സൽക്കരിക്കേണ്ടതെന്നും ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു പൈതൽ എന്റെ പക്കലേയ്ക്കു ഓടിഅടുത്തു. ലാവണ്യവും കാന്തിയും ആ ശിശുവിന്റെ മുഖകമലങ്ങളിൽ കളിയാടുന്നു. എങ്കിലും അശ്രുകണങ്ങൾ ധാരധാരയായി അതിന്റെ കവിൾത്തടങ്ങളിൽ കൂടി ഒഴുകുന്നുണ്ടു്. കറുത്തതും കീറിയതുമായ വസ്ത്രമത്രെ അതു ധരിച്ചിരുന്നതു്. അതിന്റെ മൃദുലകരങ്ങ

ളിൽ നിന്നും രക്തം പ്രവഹിക്കുന്നതും ഞാൻ കണ്ടു. നഗ്നങ്ങളായ പിഞ്ചുകാലുകൾ മഞ്ഞുകട്ടപോലെ ശൈത്യമുള്ളവയായിരുന്നു.

കഷ്ടം! ഞാൻ എത്ര ദുഷ്ടൻ! ആ നിരാശ്രയനായ കുഞ്ഞിനോട് എന്താണു് ഞാൻ പറഞ്ഞതു്.? "നിന്റെ കഷ്ടസ്ഥിതി ഓർത്തു നിന്നോടു് എനിക്കു വലിയ അനുകമ്പതോന്നുന്നു. എന്റെ സഹായം നിനക്കു ആവശ്യമുണ്ടെന്നും എനിക്കറിയാം. എന്നാൽ ഇപ്പോൾ അതിനെനിക്കു സമയമില്ലല്ലോ. വീ മറു വല്ല വീട്ടിലും പോവുകയേ നിവൃത്തിയുള്ളൂ." എന്റെ നിഷ്ഠുരണമായ ഈ വാക്കുകൾ കേട്ടമാത്രയിൽ ആ സാധു കുട്ടി നെറ്റിയൊന്നു ചുളുക്കി, ഒരു ദീർഘനിശ്വാസം വിട്ടു. "നീ പോവുക; ആരെങ്കിലും നിന്നെ സംരക്ഷിക്കും; എനിക്കു ജോലി ധാരാളം," എന്നു പറഞ്ഞു് അവനെ ഞാൻ അയച്ചു.

നേരം സന്ധ്യയായി. ജോലിയെല്ലാം അവസാനിച്ചു. സകലതും സുമാർ. അതിഥിയെ പാർത്തു് ഏകനായിട്ടു മുറിയിൽ ഞാൻ ഇരുപ്പായി. വളരെ സമയം കഴിഞ്ഞു. എന്നിട്ടും കാലടിയുടെ ശബ്ദംപോലും കേൾപ്പാനില്ല. പടിക്കൽ ക്രൂരനായ പോലും കടന്നു പോവുകയാവട്ടെ, എന്റെ ഭവനത്തിൽ പ്രവേശിക്കയാവട്ടെ ചെയ്യുന്നില്ല. ഞാൻ പ്രതീക്ഷിച്ചു പ്രതീക്ഷിച്ചു കാത്തിരിക്കുതന്നെ ചെയ്തു.

"രാത്രി അസമയമായി. ക്രൂരനായ്ട്ടു ദിക്കെങ്ങും വ്യാപിച്ചു. യജമാനൻ ഇനിയും വന്നിട്ടില്ല. അദ്ദേഹം മറു വല്ല ഭവനത്തിലും പ്രവേശിച്ചിരിക്കാം! ഹാ! എന്റെ ബുദ്ധിമുട്ടുകളെല്ലാം നിഷ്ഫലമായിത്തീർന്നല്ലോ!" എന്നിങ്ങനെ വിചാരിച്ചു, വിഷാദിച്ചു, നഗ്നമുഖനായി ഞാൻ കരഞ്ഞുതുടങ്ങി. കണ്ണുകളമായി. ഈ വ്യർത്ഥചിന്തയാൽ മനസ്സു പുണ്ണായി. എന്നിട്ടും ഫലമൊന്നുമുണ്ടായില്ല. ഈ സ്ഥിതിയിൽ, ഞാനറിയാതെ തന്നെ, ക്ഷീണം നിമിത്തം, ഞാൻ ഉറക്കത്തിനു അടിമയായി.

അല്പ സമയത്തിനുശേഷം യജമാനൻ എന്റെ മുമ്പിൽ നില്ക്കുന്നതായി ഞാൻ കണ്ടു. തന്റെ സൗന്ദര്യം തുളുമ്പുന്ന മു

ഖപത്മത്തിൽ ഗൗരവവികാരങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു. "ഇന്നു മൂന്നു പ്രാവശ്യം നിന്റെ പക്കൽ ഞാൻ വന്നു. അനുകമ്പയുടെയോ സ്നേഹത്തിന്റെയോ യാതൊരടയാളവും നീ എന്നോടു് കാണിച്ചില്ല. മൂന്നു തവണയും നീ എന്നെ തള്ളിക്കളഞ്ഞു. നിനക്കു ലഭിക്കുമായിരുന്ന മഹാ ഭാഗ്യങ്ങൾ എല്ലാം ഇതാ നഷ്ടമായി. അതുകയാൽ എന്നെ പരിചരിക്കുവാനുള്ള അവസരം ഇനി ഒരിക്കലും നിനക്കു ലഭിക്കയില്ല."

"സ്നേഹവാത്സല്യനായ നാഥാ! എന്നോടു് ക്ഷമിക്കണേ. എന്തെന്നാൽ എന്റെ പക്കൽ വന്നതു് അങ്ങു് ആയിരുന്നുവെന്നു് എങ്ങനെ ഞാൻ അറിയും?" എന്നു് ഞാൻ അദ്ദേഹത്തോടു് അപേക്ഷിച്ചു. ലജ്ജയാൽ എന്റെ ഹൃദയം കലങ്ങി. എളിമയുടെ അഗാധത്തിൽ ഞാൻ തലതാഴ്ത്തി. അദ്ദേഹം അരുളിച്ചെയ്തു. "നിന്റെ പാപം ഞാൻ പൊറുക്കുന്നു. എന്നാൽ എന്റെ അനുഗ്രഹം നിനക്കു ലഭിക്കയില്ല. നീ തന്നെയാണു് അതിനു കാരണം. എന്റെ ചെറിയവരിൽ ഒരുവനെ നീ ആശ്വസിപ്പിക്കാതിരുന്നതിനാൽ എന്നെയും നീ ആശ്വസിപ്പിച്ചില്ല. എന്റെ നാമത്തിൽ നിന്റെ സഹോദരനോടു് നീ പ്രവർത്തിക്കുന്നതൊക്കയും എന്നോടു് ചെയ്യുന്നതായിട്ടാണു് ഞാൻ ഗണിക്കുന്നതു്."

ഒരു വഞ്ചകക്കമ്പനിക്കാർ, ഒരു ഉറുപ്പിക എട്ടു അണ അയച്ചു തരുന്നവർക്കു് ഒരു കുറിപ്പു അയച്ചുകൊടുക്കുന്നതാണെന്നും അതു അക്ഷരംപ്രതി അനുഷ്ഠിക്കുന്നതയാൽ അവർ എന്നും ചെറുപ്പക്കാരായിരിക്കുന്നതാണെന്നും ഒരു പത്രത്തിൽ പരസ്യം ചെയ്തിരുന്നു. ചിലർ അതു വിശ്വസിച്ചു ആവശ്യപ്പെട്ട പണം അയച്ചുകൊടുത്തു. അവർക്കു താഴെക്കാണുന്ന മറുപടി ലഭിച്ചു. "നിങ്ങളെപ്പോലെയുള്ള ഭോഷന്മാരോടു് ഏതാണ്ടു് ഇരുപത്തഞ്ചു വയസ്സാകുമ്പോൾ തുങ്ങിച്ചാവാനാണു് ഞങ്ങൾ ഉപദേശിക്കുന്നതു."

ഈശോമിശിഹായോടുള്ള

പ്രായോഗിക സ്നേഹം.

(തിയോഫിലോസ്)

III. നമ്മുടെ വിശ്വസ്തത.

1. ദാവീദ് തന്റെ നിത്യരക്ഷയെപ്പറ്റിയുള്ള സകല ശരണവും തന്റെ ഭാവിരക്ഷകനിൽ നിക്ഷേപിച്ചിട്ട് ഇപ്രകാരം പറയുകയുണ്ടായി. "ഒ കർത്താവേ, നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ കയ്യാളിക്കുന്നു; സത്യദൈവമായ കർത്താവേ, നീ എന്നെ വീണ്ടെടുത്തിരിക്കുന്നു" (സങ്കീ. 30, 5). ഇപ്പോഴോ എന്നാൽ അങ്ങനെ വന്ന് പുനരുത്ഥാനകൃത്യം നിവൃത്തിച്ചു കഴിഞ്ഞിരിക്കുന്നു. എന്നിരിക്കെ നാം ഈശോമിശിഹായിൽ എത്രമാത്രം വിശ്വസ്തരായിരുന്നാൽ മതിയാവും! അതുകൊണ്ടാൽ നാമോരോരുത്തരും വർദ്ധമാനമായി വരുന്ന വിശ്വസ്തതയോടുകൂടി "ഒ, കർത്താവേ, നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാനിതാ കയ്യാളിക്കുന്നു; ഒ, സത്യദൈവമേ, നീ എന്നെ വീണ്ടെടുത്തിരിക്കുന്നു" എന്ന് ആവർത്തിച്ചാവർത്തിച്ചു പറയേണ്ടതാകുന്നു.

2. പാപങ്ങളാൽ മൂലം ദൈവത്തെ ദ്രോഹിക്കുകയാൽ അതിന്റെ ശിക്ഷയായ നിത്യമരണത്തെ ഭയപ്പെടുന്നതിനു നമുക്ക് ശക്തിമത്തായ കാരണം ഒരു ഭാഗത്തുണ്ടെങ്കിൽ, (ഇപ്പോഴും) നമ്മെ നിത്യനാശത്തിൽ വീഴിക്കുന്നതിനു പ്രാപ്തിയുള്ള നമ്മുടെ പാപങ്ങളെ ഉപേക്ഷിച്ചു്, നമുക്കു നിത്യരക്ഷയെ പ്രദാനം ചെയ്യുന്നതിനു് നിസ്സീമശക്തിയുള്ള ഈശോമിശിഹായുടെ യോഗ്യതകളെ വഴിയായി നിത്യജീവനിൽ ശരണപ്പെടുവാൻ നമുക്ക് ബലവത്തരമായ ന്യായം മറ്റൊരുഭാഗത്തുണ്ട്. നാം പാപം ചെയ്കയും നരകത്തെ അർഹിക്കയും ചെയ്യുന്നു. പക്ഷെ, രക്ഷകൻ നമ്മുടെ ദ്രോഹങ്ങളെയെല്ലാം തന്നെത്താൻ കയ്യേല്ക്കുന്നതിനും, തന്റെ

അവാച്യമായ പീഡാനുഭവത്താൽ അവയ്ക്കു പരിഹാരം ചെയ്യുന്നതിനുമായിട്ടാണ് ഭൂജാതനായത്. "സത്യമായും അവിടുന്നു നമ്മുടെ രോഗങ്ങളെ വഹിക്കുകയും ദുഃഖങ്ങളെ ചുമക്കുകയും ചെയ്തു" (ഇസ. 53, 4.)

3. നാം നിഷ്ഗ്രഹമായി പിഴച്ച ആ നിമിഷത്തിൽത്തന്നെ ദൈവം നമുക്കെതിരായി നിത്യമരണത്തിന്റെ വിധി രേഖപ്പെടുത്തിക്കഴിഞ്ഞിരുന്നു; എന്നാൽ നമ്മുടെ പരമകാരുണികനായ രക്ഷകൻ എന്താണ് ചെയ്തത്? "നമുക്ക് വിഘാതകരമായിരുന്ന നിണ്ണയത്തിന്റെ ചീട്ടു മാഞ്ഞനം ചെയ്തിട്ട് (അതായത്: ദൈവനിശ്ചയപ്രകാരം ആദത്തിനും സന്തതികൾക്കും പാപഫലമായി വന്നുകൂടിയ നിത്യശിക്ഷാനിബന്ധം നീക്കി) അതു കുരിശിൽ പതിച്ചു കൊണ്ട് (നമ്മുടെ) മധ്യത്തിൽ നിന്ന് എടുത്തുകളഞ്ഞു. (തീരെ നശിപ്പിച്ചു") (കൊലോസ്യ. 2, 14). അതെ, നമ്മുടെ പാപഫലമായി വന്നുകൂടിയ നിത്യശിക്ഷാനിബന്ധത്തെ അവിടുന്നു തന്റെ തിരുരക്തം കൊണ്ടു മായിച്ചു കളഞ്ഞിട്ട് അതിനെ കുരിശിൽ പതിക്കുക തന്നെ ചെയ്തു. അതു നാം നമ്മുടെ ശിക്ഷാവിധിയെക്കുറിച്ചു ഓർക്കുമ്പോൾ, നമ്മുടെ പാപപരിഹാരാർത്ഥം കുരിശിൽ തൂങ്ങി മരിച്ച ഈശോയെ സ്മരിക്കുകയും സുരക്ഷിതമാക്കി ചെയ്യപ്പെട്ട നിത്യരക്ഷയിൽ വീണ്ടും ശരണപ്പെടുകയും ചെയ്യേണ്ടതിനായിരുന്നു.

4. ഒ, ആബേലിന്റെ രക്തം കായിനെതിരായി പറഞ്ഞതിനേക്കാൾ എത്രയോ ശക്തിമത്തായ വിധത്തിലാണ് ഈശോമിശിഹായുടെ തിരുരക്തം നമുക്കായി പറയുകയും ദൈവത്തിൽനിന്നു കരുണലഭിച്ചു തരികയും ചെയ്യുന്നത്? "പുതിയ നിയമത്തിന്റെ മധ്യസ്ഥനായ ഈശോയുടെയും, ആബേലിനേക്കാൾ നന്നായി പറയുന്ന രക്തതപ്പണത്തിനും (നിങ്ങൾ അടുത്തിരിക്കുന്നു)" (എബ്രാ. 12, 24). ഇതു, വി. ശ്ലീഹാ "ഒരു പാപികളൊ പാപം ചെയ്തതിനുശേഷം പാപികളുടേയും ദൈവത്തിന്റേയും മദ്ധ്യേനിന്നു സമാധാനം അപേക്ഷിക്കുവാനും പാപികൾക്കു മോചനം ലഭിച്ചുകൊടുക്കുവാനുമായി തന്റെ ര

കുരിശുമരണം പ്രാപിച്ച ഈ ശോയിൽ സങ്കേതം തേടുവാൻ കഴിവുള്ള നിങ്ങൾ ഭാഗ്യവാന്മാരാകുന്നു; നിങ്ങളുടെ ദുഷ്ടതകൾ നിങ്ങൾക്കെതിരായി പ്രലപിക്കുന്നു; എന്നാൽ രക്ഷകന്റെ രക്തം നിങ്ങൾക്കുവേണ്ടി ഒത്താശപറയുന്നു; നീതിസ്വരൂപനായ ദൈവത്തിന്റെ ഈ തിരുരക്തത്തിന്റെ അപേക്ഷ നിരാകരിക്കുവാൻ ഗത്യന്തരവുമില്ല" എന്നു പറഞ്ഞിട്ടുള്ളതിനു തുല്യമാണ്.

5. നാം നിത്യവിധികർത്താവിൻ പക്കൽ നമ്മുടെ എല്ലാ പാപങ്ങൾക്കും ഒരു കൃത്യമായ കണക്കു കൊടുക്കേണ്ടിവരുമെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ഈ വിധികർത്താവു് ആരായിരിക്കും? "പിതാവു് വിധി എല്ലാം പുത്രനു് ഏല്പിച്ചിരിക്കുന്നു" (യോഹ. ൫, ൨൨) നിത്യപിതാവു് നമ്മുടെ വിധികർത്താവും നമ്മുടെ സ്വന്തരക്ഷകനു് ഏല്പിച്ചിരിക്കുന്നതു കൊണ്ടു് നമുക്കു സാക്ഷാൽ സമാധാനിക്കുക തന്നെ ചെയ്യാം. അതുകയാൽ വി. പൗലോസു് നമ്മെ ഇപ്രകാരം പ്രോത്സാഹിപ്പിക്കുന്നു. "നമ്മെ കുറ്റവിധി ചെയ്യുന്നവൻ ആരാണു്? മരിച്ചു് ഉയിർക്കുകയും ദൈവത്തിന്റെ വലത്തു ഭാഗത്തു് ഇരുന്നു നമുക്കു വേണ്ടി മദ്ധ്യസ്ഥം പറകയും ചെയ്യുന്ന ഈശോമിശിഹാ" (റോമ. വ. ൩൪) നമ്മെ കുറ്റവിധി ചെയ്യാൻ ആരാണു്? അതു്, നാം നിത്യമരണത്തിനു വിധിക്കപ്പെടാതിരിക്കുന്നതിനായി, താൻ തന്നെ കുറ്റവും മരണവും കയ്യേല്ക്കുവാൻ തിരുമനസ്സാകയും, അതു പോരാഞ്ഞിട്ടു്, മരണസമയത്തുപോലും നമ്മെ രക്ഷിക്കണമെന്നു തന്റെ പിതാവിനോടപേക്ഷിക്കയും ചെയ്ത അതേ രക്ഷകൻ തന്നെയാണു്. അതുകയാൽ വില്ലെനോവായിലെ വി. തോമസ് ഇപ്രകാരം ചോദിക്കുന്നു. 'അല്ലയോ പാപീ, നീ നിന്റെ പാപത്തെ വെറുക്കുന്നുണ്ടെങ്കിൽ നിനക്കു പിന്നെ ഭയപ്പെടുവാനെന്താണുള്ളതു്? നിന്റെ കുറ്റവിധിയിൽനിന്നു നിന്നെ രക്ഷിക്കുന്നതിനായി മരിച്ചു അങ്ങുന്നു് നിന്നെ കുറ്റവിധി ചെയ്യുന്നതെങ്ങനെ? നീ അങ്ങേപ്പക്കൽ നിന്നു് ഓടിപ്പോകുന്ന ആ ക്ഷണത്തിൽത്തന്നെ സ്വർഗ്ഗത്തിൽനിന്നു നിന്നെ അ

നേപക്ഷിച്ചുവന്ന ആ പരമകാരുണികന്റെ തൃപ്പാദത്തിങ്കലേയ്ക്കു നീ ഓടിച്ചെല്ലുകയാണെങ്കിൽ അവിടുന്നു നിന്നെ എങ്ങനെയാണ് നിഷ്കാസനം ചെയ്യുക.?

6. നമ്മുടെ ബലഹീനതനിമിത്തം നാം ശത്രുക്കൾക്ക് (ഇവരോട് നാം ഇടവിടാതെ യുദ്ധം ചെയ്യേണ്ടതാണ്) അധീനമാകുമെന്നു ഭയപ്പെടുന്നവർ വി. ശ്ലീഹായുടെ അനുശാസനത്തെ സശ്രദ്ധം ശ്രവിക്കട്ടെ. നമുക്ക് "വിശ്വാസത്തിന്റെ നായകനും പൂർത്തീകാരകനും, തനിക്കു മുമ്പാകെ വെച്ചിരുന്ന സന്തോഷത്തിനുവേണ്ടി ലജ്ജയെ അലക്ഷ്യമാക്കി കുരിശിനെ സഹിച്ച് ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തിരിക്കയും ചെയ്യുന്ന ഈശോയെ നോക്കികൊണ്ട് നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന പോരാട്ടത്തിന് ക്ഷമയോടെ ഓടാം" (ഏബ്രാ. ൧൨, ൧-൨). കുരിശിൽ കിടന്നുകൊണ്ട് നമുക്കു സഹായവും വിജയവും കിരീടവും പ്രദാനം ചെയ്യുന്ന ഈശോയെ നോക്കിക്കൊണ്ട് ധീരതയോടുകൂടി നമുക്കു പോർക്കളത്തിലേയ്ക്ക് ഇറങ്ങാം. കഴിഞ്ഞകാലങ്ങളിൽ, നമ്മുടെ ദിവ്യരക്ഷകന്റെ തിരുമുറിവുകളേയും താൻ അനുഭവിച്ച പാടുപീഡകളേയും വീക്ഷിക്കാതെയും തന്നിൽ അഭയം പ്രാപിക്കാതെയും അങ്ങേ സഹായം അപേക്ഷിക്കാതെയും ഇരുന്നതിനാലാണ് നാം പാപം ചെയ്യാൻ ഇടയായതു്. എന്നാൽ ഇന്നുമുതൽ, നമ്മുടെ സ്നേഹത്തെ പ്രതി അങ്ങുന്ന് അനുഭവിച്ച നിരവധി പീഡകളേയും, നാം അങ്ങയുടെ സങ്കേതം തേടുമ്പോഴൊക്കെയും നമ്മെ സഹായിക്കുവാനുള്ള അവിടുത്തെ നിരന്തര സന്നദ്ധതയേയും നാം സ്മരിക്കുന്നുവെങ്കിൽ നിശ്ചയമായും നാം ശത്രുക്കളാൽ പരാജിതരാക്കപ്പെടുകയില്ല. 'ദൈവം, ദൈവം എന്നു പറഞ്ഞു പിശാചിനെ ഭയപ്പെടുത്തുവാൻ നമുക്കു പാടുള്ളപ്പോൾ, ചിലർ, 'പിശാച്,' 'പിശാച്' എന്നു പറഞ്ഞു ഭയപ്പെടുന്നതെന്തിനെന്നു എനിക്കു മനസ്സിലാകുന്നില്ല' എന്നാണ് വി. അമ്മത്രേസ്യ തനിക്കു സഹജമായ ധർമ്മശീലത്തോടുകൂടി പറയുന്നതു്. നേരെമറിച്ച്, നാം നമ്മുടെ സകല വിശ്വസ്തതയേയും ദൈവത്തിൽ നിക്ഷേപിക്കുന്നില്ലെങ്കിൽ നമ്മു

ടെ സകല യത്നവും വിഫലമാകും എന്നാണ് പ്രസ്തുത സിദ്ധാന്തം അനുമാനിച്ചിട്ടുള്ളത്.

7. ഈശോമിശിഹായുടെ പീഡാനുഭവം, പരിശുദ്ധ കുർബ്ബാന എന്നിവ നമ്മുടെ ശരണത്തിനും സ്നേഹത്തിനും വേണ്ടിയുള്ള രണ്ടു വലിയ രഹസ്യങ്ങളാകുന്നു. നമ്മുടെ സത്യവിശ്വാസം ഇവയെ നമുക്കു ബോദ്ധ്യപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽ ഇവയിൽ വിശ്വസിക്കുന്നതിന് നമുക്ക് ഒരിക്കലും കഴികയില്ലായിരുന്നു. സർവ്വശക്തനായ ദൈവം മനുഷ്യനായി അവതരിക്കയും, തന്റെ തിരുക്കുടുംബം അവസാന തുള്ളിവരെ ചിന്തുകയും കുരിശിൽത്തൂങ്ങി വാഗതീതമായ സങ്കടങ്ങളനുഭവിച്ചു മരിക്കുകയും ചെയ്തതെന്തിന്? നമ്മുടെ പാപത്തിനു പരിഹാരം ചെയ്വാനും, ദ്രോഹികളായ നമ്മെ മോക്ഷാവകാശികളാക്കുന്നതിനുമായിട്ടു മാത്രം. പിന്നീട്, അവിടുന്നു നമ്മോടു പൂർണ്ണമായി യോജിച്ചിരിക്കേണ്ടതിനായി ഒരിക്കൽ നമുക്കുവേണ്ടി കുരിശിൽ ബലികഴിച്ച തന്റെ ദിവ്യശരീരത്തെത്തന്നെ നമുക്കു ഭോജനമായിട്ടു തന്നരുളുന്നു! ഒ ദൈവമേ, ഈ രണ്ടു രഹസ്യങ്ങളും എല്ലാ മനുഷ്യരുടേയും വ്യുദയങ്ങളെ സ്നേഹാഗ്നിയാൽ ജ്വലിപ്പിക്കാതിരിക്കുന്നതെങ്ങിനെ? ഏതു പാപിയാണ് – എത്രതന്നെ പരിതുഷ്കനായിരുന്നാലും – മനുഷ്യരോട് ഇത്ര വളരെ സ്നേഹം കാണിക്കുകയും അവർക്കു നന്മചെയ്വാൻ സദാ സന്നദ്ധനായിരിക്കയും ചെയ്യുന്ന ഒരു ദൈവത്തെ കാണുമ്പോൾ അവൻ ചെയ്ത പാപങ്ങളിൽനിന്മൽ മനസ്സുപിരിക്കയും, ക്ഷമ ലഭിക്കുമെന്നു ശരണപ്പെടുകയും ചെയ്യാത്തതു? അതുകയാൽ പണ്ഡിതനായ വി. ബൊനവെൻത്തൂര ഇപ്രകാരം പറയുന്നു: "എന്റെ നിത്യരക്ഷയെപ്രതി ഇത്രയുമൊക്കെ ചെയ്തതും സഹിക്കുകയും ചെയ്തിരിക്കുന്നതായാൽ എനിക്കാവശ്യമായിട്ടുള്ള ഒന്നുംതന്നെ നിഷേധിക്കയില്ലെന്നു എനിക്കു ദൃഢമായ വിശ്വാസമുണ്ട്. എന്നെ രക്ഷിക്കുവാൻവേണ്ടി ഇത്രയുമൊക്കെ ചെയ്തതും സഹിക്കുകയും ചെയ്ത ദൈവം എന്റെ നിത്യരക്ഷയ്ക്കു വേണ്ടതായ വരപ്രസാദങ്ങളും എനിക്കു നൽകാതിരിക്കുന്നതെങ്ങനെ!"

8. "അതുകൊണ്ട് കൃപലഭിപ്പാനും അവസരോചിതമായ സഹായത്തിൽ അനുഗ്രഹം കണ്ടെത്തുവാനുമായി നമുക്കു മനോധൈര്യത്തോടെ അനുഗ്രഹത്തിന്റെ സിംഹാസനത്തിങ്കലേയ്ക്ക് അടുത്തുചെല്ലാം" (എബ്രാ. ൪, ൧൬.) എന്നു പറഞ്ഞു വി. ശ്ലീഹാ നമ്മെ ക്ഷണിക്കുന്നു. ഈ അനുഗ്രഹത്തിന്റെ സിംഹാസനം, ഈശോ ഇരുന്ന് തന്റെ പക്കൽ വരുന്നവർക്കെല്ലാവർക്കും കൃപയും അനുഗ്രഹവും കൊടുക്കുന്ന കുരിശാകുന്നു. പക്ഷെ നിത്യരക്ഷയ്ക്കുള്ള അവസരോചിതമായ അനുഗ്രഹം കണ്ടെത്തണമെങ്കിൽ നാം പൊട്ടന്നനവേ അങ്ങേയുടെ സങ്കേതം തേടണം. എന്തുകൊണ്ടെന്നാൽ, ഒരുപക്ഷേ, നാം അതു പ്രാപിക്കേണ്ട സമയം വരാതിരിക്കാനും എളുപ്പമുണ്ട്. അതുകയാൽ നമുക്ക് ഉടൻതന്നെ ഏറ്റവും വലിയ വിശ്വസ്തതയോടുകൂടിച്ചെന്ന് ഈശോയുടെ കുരിശിനെ സസ്നേഹം ആശ്ലേഷിക്കാം. നമ്മുടെ അരിഷ്ടതകൾ കാണുമ്പോൾ നമുക്കു ഭയമുണ്ടാകാതിരിക്കട്ടെ; ക്രൂശിതനായ ഈശോയിൽ നാം എല്ലാ സമ്പത്തുകളും വരപ്രസാദങ്ങളും കണ്ടെത്തും: "നിങ്ങളിൽ ഏതൊരു അനുഗ്രഹത്തിന്റെയും യാതൊരു കുറവുമുണ്ടാകാതിരിക്കേണ്ടതിന്, നിങ്ങൾ അയാളിൽ (ഉള്ള ഐക്യത്താൽ) സർവ്വസമ്പത്തിലും.....സംപൂർണ്ണരാക്കപ്പെട്ട" (൧ കൊറി. ൧, ൪ - ൭). ഈശോമിശിഹായുടെ യോഗ്യതകൾ, സകലവിധ ദൈവിക നിക്ഷേപങ്ങളെയും കൊണ്ടു നമ്മെ സമ്പന്നന്മാരാക്കുകയും, നാം ആഗ്രഹിക്കുന്ന സകല വരപ്രസാദങ്ങളും പ്രാപിക്കുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. (തുടരും.)

ഗണിതശാസ്ത്രജ്ഞനായ യൂക്ലിഡിനോട് തന്റെ ശാസ്ത്രം കുറച്ചുകൂടി ലളിതമായ വിധത്തിൽ പഠിപ്പിക്കുമോ എന്നു ഒരു രാജാവു ചോദിച്ചതിനു ക്ഷോഭഗണിതത്തിലേക്ക് രാജമാർഗ്ഗമില്ലെന്നു അദ്ദേഹം മറുപടി പറഞ്ഞു. മറ്റുള്ള വസ്തുക്കൾ ശക്തികൊണ്ടു കൈവശപ്പെടുത്തുകയൊ പണം കൊടുത്തു വാങ്ങിക്കയൊചെയ്യാം. എന്നാൽ അറിവു പഠനത്താൽ സമ്പാദിക്കണം. പഠനമാകട്ടെ ഏകാന്തത്തിൽ നിർവ്വഹിക്കണം.

വേദപ്രചാരത്തിൽ

വിദ്യാർത്ഥികൾക്കുള്ള സ്ഥാനം.

"ഒരു സന്ദേശം"

(പൊന്നാമറ്റത്തിൽ ജോസഫ് മാപ്പിള)

യുവസഹോദരരെ!

സകല ഐശ്വര്യവും ഉൽക്കർഷവും ദൈവസഹായം അപേക്ഷിച്ചുകൊണ്ട് പരിശ്രമിച്ചാൽ സാധിക്കുമെന്ന് വിശ്വസിക്കണം. അതെ, "സ്ഥിരപരിശ്രമം വലിയ ജോലികളിൽ പ്രവേശിക്കുന്നതിന്" നിങ്ങളെ പ്രാപ്തരാക്കും. അശ്രാന്തപരിശ്രമം നിമിത്തം മഹത്തായ പല കാര്യങ്ങളും അനായസേനാ നിർവ്വഹിക്കാമെന്നുള്ള തത്വം പ്രവൃത്തിരൂപത്തിൽ വരുത്തുമ്പോൾ അത്യധികം വിസ്മയിക്കത്തക്ക ഫലം നിങ്ങൾ കാണുമെന്നുള്ളതിന് സംശയമില്ല. നിങ്ങളുടെ പരിശ്രമം ഏതുവഴിക്ക് തിരിക്കേണമെന്ന് ഞാൻ പറഞ്ഞുതരാം. നാം നമ്മുടെ കണ്ണുകളെ നാലുവശത്തേക്കും ഒന്നു തിരിച്ചുനോക്കുക. അവിടെ നാം എന്തു കാണുന്നു. നമ്മെപ്പോലെ ആത്മശരീരവശങ്ങളോടുകൂടിയവരും ക്രിസ്തുമതം സ്വീകരിക്കാത്തവരുമായ അനേകം സഹോദരന്മാരെ കാണുന്നു. അതെ, നമ്മുടെ ചുറ്റും അധിവസിക്കുന്ന (ക്ര) അനേകശതം മനുഷ്യരുടെ ആത്മാക്കൾക്കു ക്രിസ്തുദേവന്റെ അവതാരത്തിന്റേയും സുകൃതകൃത്യങ്ങളുടേയും കുരിശുമരണത്തിന്റേയും ഫലം അനുഭവിക്കാതെ ഉമ്മാറ്റത്തിൽ ജീവിതം നയിച്ചു അനേക പാപങ്ങൾചെയ്തു നാശഗർത്തത്തിൽ അധഃപതിക്കുന്നതിനെ പ്രതിദിനം നിങ്ങൾ കാണുന്നില്ലയോ. തന്നെത്താൻ സ്നേ

(ക്ര) ഇൻഡ്യയുടെ ഒരു ചെറിയ ഭാഗമായ മദ്രാസ് പ്രസിഡൻസിയിലുള്ള ഹിന്ദുജില്ലകളിൽ ക്രൂടി (കൊച്ചി, തിരുവതാംകൂർ ഒഴിച്ചു) നൂറുശതമാനം ക്രിസ്ത്യാനികൾ മാത്രമെയുള്ളു. പഴയ സെൻസ്സസ്സനുസരിച്ചു ജനസംഖ്യ ൯ കോടി ൭൫ ലക്ഷം.

ഹിക്കുന്നതുപോലെ മറ്റെല്ലാവരേയും സ്നേഹിക്കണമെന്നുള്ള യേശുവിന്റെ കല്പനയെ നിങ്ങൾ അറിയുന്നില്ലയോ. അറിഞ്ഞുകൊണ്ട് ഉണരാതിരിക്കുന്നുവെങ്കിൽ അത് ഉത്തമ മനുഷ്യന്റെ ലക്ഷണമാണോ എന്ന് ചിന്തിക്കുവിൻ. ഭാരതസ്വാതന്ത്ര്യത്തിന് വേണ്ടി എത്ര എത്ര സഹോദരങ്ങളാണ് (യുവവിദ്യാർത്ഥികളാണ്) കോളേജ് വിട്ട് അരയും തലയും മുറുക്കി സഹനസമരത്തിന്റെ മുന്നണിയിലേക്ക് ഇറങ്ങിയത്.

ഈ അവസരത്തിൽ നമ്മുടെ സഹോദരങ്ങളായ ഭാരതീയരെ അവരുടെ ആത്മികവും ലൌകികവുമായ രക്ഷാമാർഗ്ഗങ്ങളിലേയ്ക്ക് വഴികാണിച്ചു കൊടുക്കേണ്ടതായ കർത്തവ്യം നമുക്ക് തന്നെയല്ലെന്ന് ഓർക്കണം. ക്രിസ്തുഭഗവാന്റെ ഭാഗത്ത് അഭേദ്യത്തിന്റെ ധീരയോദ്ധാക്കളായി (നേമ്പ്, ദാനം, ബ്രഹ്മചാരിത്വം മുതലായ) നല്ല ആയുധങ്ങളെ ധരിച്ചുകൊണ്ട് മുന്നോട്ടിറങ്ങുവിൻ. ആത്മികമായ ഉൽകൃഷ്ടകർത്തവ്യനിർവ്വഹണത്തിനായി സർവ്വാത്മനാ നിങ്ങൾ യത്നിക്കുവിൻ. ഭക്തിപൂർവ്വം പ്രാർത്ഥിക്കുവിൻ. കരുണാനിധിയായ ദൈവം നമുക്ക് തന്നിരിക്കുന്ന അനുഗ്രഹത്തിന്റെ ഈ കാലം നഷ്ടമാക്കാതെ നമ്മുടെ ആത്മരക്ഷ സുരക്ഷിതമാക്കുന്നതിനും കഴിഞ്ഞുപോയ നമ്മുടെ ആയുഷ്കാലത്തിനെന്തിനേക്കുറിച്ചും മുൻഗാമികളുടേയും നമ്മുടേയും അജ്ഞതകൾക്കും പരിഹാരം ലഭിക്കുന്നതിനും ഭാരതീയ സഹോദരവർഗ്ഗങ്ങളെ ക്രിസ്തുവിങ്കലേയ്ക്ക് നയിക്കുന്നതിനുമായി നമ്മുടെ ശേഷിച്ച ജീവിതകാലം ഉപയോഗിക്കണം. സൌഭാഗ്യകരമായ ഈ അവസരത്തിൽ മഹത്വമേറിയ നമ്മുടെ ചുമതലകൾ നാം പരിഗണിക്കാതിരുന്നാൽ സുവിശേഷത്തിലെ "പ്രയോജനമില്ലാത്ത ഭൃത്യന്" - യജമാനനോട് പൊൻനാണയങ്ങൾ വാങ്ങി മണ്ണിൽ കുഴിച്ചുമൂടിയ ഭൃത്യന് - ലഭിച്ച ശാപം നമുക്കും വന്നുകൂടുമെന്ന് കരുതേണ്ടിയിരിക്കുന്നു. ഇത്ര വിലയേറിയ ഈ സമയം, നാം പാഴാക്കികളഞ്ഞാൽ, ശുഭകരമായ വേറൊരവസരം നമുക്ക് ലഭിക്കുമെന്ന് ആശിക്കുവാൻ മാർഗ്ഗം കാണുന്നില്ല.

അതിനാൽ നമ്മുടെ രക്ഷകനായ യേശുനാഥന് വേ

ണ്ടി പോരാടുവാൻ യുദ്ധകളത്തിലേക്ക് പ്രവേശിക്കുവിൻ. സാത്താന്റെ കുടിലവൃത്തികളെ ഇടിച്ചു് തകർത്തു് ജയവീരരായി ക്രിസ്തുവിന്റെ വിശുദ്ധ സഭയിൽ ശോഭിച്ചു് വാഴുവിൻ. ധാർമ്മിക യുദ്ധകളത്തിൽ അനഷ്ഠിക്കേണ്ടതായ മുറകളെല്ലാം സജ്ജീകരിച്ചുകൊണ്ടു് മുന്നോട്ടു വരുവിൻ. സത്യമാർഗ്ഗത്തിൽ അലസത (അധർമ്മം) പ്രദർശിപ്പിച്ചാൽ അന്ത്യസമയത്തിൽ നിരാശരായി കടന്നു പോകുന്നതിനു സംഗതി ആയേക്കുമെന്നു് ഓർക്കുവിൻ. ക്രിസ്തുവിങ്കലേക്ക് ആത്മാക്കളെ ആകർഷിക്കുന്നതിനായി – സത്യാധീനപ്പെടുത്തുന്നതിനായി നിങ്ങളുടെ ധനമാനാദികം മാത്രമല്ല, പ്രാണനെപ്പോലും ബലി കൊടുക്കുവിൻ. ഇപ്രകാരം ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ ശേഖരിക്കുന്ന യതനങ്ങളിൽ അവരുടെ ജീവനെ ബലികൊടുത്ത രക്തസാക്ഷികളെ മഹത്വത്തിന്റെ കിരീടത്തോടുകൂടി നിങ്ങളം ഭർശിക്കുന്ന ആ സുദിനം ഇതാ സമീപിച്ചു വരുന്നു.

നമ്മുടെ യേശുവിൻ പ്രിയപ്പെട്ട സഹോദരരെ, ധീരവീരരായ യോദ്ധാക്കളെ, വൈദികലൗകിക വിദ്യാർത്ഥികളെ, നിങ്ങളം സധൈര്യം പോരാടുവിൻ. ആ ന്യായാസനവേളയിൽ ലജ്ജിക്കുവാൻ സംഗതിവരാതിരിക്കുന്നതിനുവേണ്ടി സത്യമാർഗ്ഗങ്ങളെ യഥോചിതം നിർവ്വഹിക്കുവിൻ. ശക്തിയും, യുക്തിയും, പുഷ്ടിയും ഉള്ള ഈ അവസരത്തിൽ നിങ്ങളം വേദപ്രചാരത്തിനായി എന്തെല്ലാം ചെയ്തിട്ടുണ്ടു്. മേലാൽ എന്തെല്ലാം ചെയ്യാമെന്നു് പ്രതിജ്ഞ ചെയ്തിട്ടുണ്ടു് എന്നു് ഗാഢമായി ചിന്തിക്കുവിൻ. ക്രിസ്തുദേവന്റെ "ആ വലിയ ദിവസത്തിൽ" അങ്ങേ സന്നിധാനത്തിൽ വലത്തുഭാഗത്തു് ആശീർവ്വദിക്കപ്പെട്ട കൂട്ടത്തിൽ പ്രത്യക്ഷരാകുന്നതിനുള്ള പ്രാപ്തിയും നൽവരവും സിദ്ധിക്കുന്നതിനു് ഇതിലുപരിയായ ഒരു മാർഗ്ഗമില്ലെന്നു് ചിന്തിച്ചുകൊണ്ടു് കഴിയുന്നത്ര വേഗത്തിൽ (രാത്രികാലം വരുന്നതിനുമുമ്പു്) ഇനിമേൽ നമുക്കുള്ള അവസരം ഒട്ടുംതന്നെ നഷ്ടപ്പെടുത്താതെ, അഹമഹമികയാ വേലചെയ്യു സുകൃതം സമ്പാദിച്ചുകൊള്ളണം. ആയതിനു് സർവ്വജഗന്നിയന്താവായ സർവ്വേശ്വരൻ നമുക്കു കൃപചെയ്യുമാറാകട്ടെ.

ജൂൺമാസത്തിലെ

പൊതുനിയോഗം.

തിരുഹൃദയഭക്തി.

ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി, പരിശുദ്ധ ദിവ്യ കാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന ഈശോമിശിഹായുടെ നേർക്കുള്ള തീക്ഷ്ണമായഭക്തി തന്നെയാകുന്നു. അവിടുത്തെ അനവരതമായ സ്നേഹം അത്യാശ്ചര്യമായ വിധത്തിൽ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതു് ഈ വി. കുർബാന വഴിയായിട്ടാണു്. വി. കുർബ്ബാനയിൽ ഈശോയുടെ ദിവ്യ ഹൃദയം നമ്മെ സത്യമായി സ്നേഹിക്കയും, നമുക്കുവേണ്ടി സ്പന്ദനം ചെയ്യുകയും, നമുക്കു വേണ്ടി ജീവിക്കുകയും ചെയ്യുന്നു. അതിൽ അവിടുന്നു നമ്മുടെ പ്രതിസ്നേഹവും നന്ദിയുമാത്രമാണു് കാംക്ഷിക്കുന്നതു്. ഈ വിശുദ്ധ ക്രിദാശയിൽ ഈശോയുടെ തിരുഹൃദയം അനവധി നാമമാത്ര ക്രിസ്ത്യാനികളുടെ അനാചാരവും മന്ദതയും നിമിത്തം കഠിനമായി മുറിവേല്പിക്കപ്പെടുന്നു. അതിനെല്ലാം തക്കതായ പരിഹാരവും പ്രായിശ്ചിത്തവും ചെയ്യേണ്ടതു സത്യഭക്തന്മാരുടെ കടമയാകുന്നു. അതുകൊണ്ടു തിരുഹൃദയഭക്തിയെന്നു വെച്ചാൽ എന്തെന്നും പരിശുദ്ധ ദിവ്യകാരുണ്യത്തിന്റെ നേർക്കുള്ള തീക്ഷ്ണമായ സ്നേഹവും, ആരാധനയുമാകുന്നു.

ആധുനികകാലത്തു് തിരുഹൃദയഭക്തി ഒരു മാതിരി ബാഹ്യപ്രകടനം മാത്രമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പലരും ചില സൽക്രിയകൾ ചെയ്തുകൊള്ളാമെന്നു വെച്ചതിന്റെശേഷം ഈ ഭക്തിയെ സംബന്ധിച്ചു പ്രത്യേകമായി ചെയ്യേണ്ടതെല്ലാം നിർവ്വഹിച്ചതായി തൃപ്തിയടയുന്നു. തിരുഹൃദയഭക്തിയുടെ പ്രധാന ഉദ്ദേശമായ ദിവ്യ കാരുണ്യത്തിന്റെ നേർക്കുള്ള സാക്ഷാത്തായ സ്നേഹവും ആരാധനയും പ്രത്യക്ഷപ്പെടുത്തു

ന്നതിനു അവക്കു സാധിക്കുന്നില്ല. തന്നിമിത്തം സ്നേഹത്തെ സ്നേഹത്താൽ വീട്ടുന്നില്ല; വിശുദ്ധ കുബ്ബാന ഉൾക്കൊള്ളുമ്പോൾ ആർദ്രതയോ, ഭക്തിയോ ജനിക്കുന്നുമില്ല. പലരും ദിവ്യ കാരുണ്യം സ്വീകരിക്കുന്നതു് പതിവനുസരിച്ചുള്ള ഒരു കൃത്യം ചെയ്യുന്നതുപോലെയാണു്. അവക്കു വിശുദ്ധ കുബ്ബാനയുടെ രഹസ്യങ്ങളും അപരിചിതവും അഗ്രാഹ്യവുമാണു്! അവർ ദിവ്യ കാരുണ്യ സാന്നിദ്ധ്യത്തിൽ അന്ധാളിച്ചു പോകുന്നു! ഇതിനെല്ലാം കാരണമെന്താണു്? അവർ ദിവസത്തിലൊരുമോ ആഴ്ചയിലൊരുമോ മ്ശിഹായെ അവരുടെ മനസ്സിൽ നിന്നും ഹൃദയത്തിൽ നിന്നും ബഹിഷ്കരിക്കുന്നു. ഏതല്പകാരണത്താൽ ദൈവസന്നിധിയിൽ അവരുടെ വിചാരപരമ്പരയെയോ ഹൃദയമാന്ദ്യത്തെയോ നിയന്ത്രിക്കുന്നതിനു അവക്കു സാധിക്കാതെയാണിരിക്കുന്നതു്. അതുകൊണ്ടു സജീവമായ ഭക്തി വിശ്വാസികളുടെയിടയിൽ ഉണ്ടാകുന്നതിനു വേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കേണ്ടതാണു്.

കോൺഗ്രസ്സിലെ
ഉപസംഹാരപ്രസംഗം.

കേരളീയ കത്തോലിക്കാ കോൺഗ്രസ്സിന്റെ ൧൨-ാം വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ച ബഥനിത്തിരുമേനി ചെയ്ത ഉപസംഹാരപ്രസംഗത്തിന്റെ സംക്ഷേപം താഴെ ചേർക്കുന്നു:—

മഹാജനങ്ങളെ,

ജനസമുദായത്തിന്റെ അഭ്യുന്നതിക്കു അവശ്യം ആവശ്യമായതു ദൈവഭക്തിയാകുന്നു. ദൈവഭക്തിയാകട്ടെ, സർവ്വേശ്വരനായ ദൈവത്തിന്റെനേരെ, വിശ്വാസം, ശരണം, സ്നേഹ

ഒന്നാം തിരുവിധ തത്വങ്ങളിൽ അന്തർലീനമായിരിക്കുന്നു. ഇവ മൂന്നും മനുഷ്യർക്കു അപരിഹാര്യമെന്നു കാതോലിക്കാത്തിരുസ്സഭ നമ്മെ ഉപദേശിക്കുന്നുവല്ലൊ. വിശ്വാസം എന്നതു നമുക്കു ദൃശ്യമല്ലാത്തതിനെ യഥാർത്ഥമെന്നു നാം സമ്മതിക്കുകയാകുന്നു. നാം ജീവിക്കുന്ന ഈ ഭൂമിയിൽ മാത്രമെ വിശ്വാസത്തിനു സ്ഥാനമുള്ളു. ശരണത്തിനും ഇഹലോകത്തിൽവച്ചു മാത്രമെ നമുക്കു ബന്ധമുള്ളു. നമുക്കു കരസ്ഥമല്ലാത്ത സാധനം ഭാവിയിൽ കരസ്ഥമാകുമെന്നുള്ള ഉറപ്പിനേയാണല്ലൊ നാം ശരണമെന്നു പറയുന്നതു്. നമുക്കിപ്പോൾ മോക്ഷസൗഭാഗ്യം കരസ്ഥമല്ല. ഇഹലോകജീവിതാനന്തരം കാരുണികനായ ദൈവവുമായി നാം ചേർന്നുകഴിഞ്ഞാൽ അവിടുന്നു നമ്മുടേതായിക്കഴിഞ്ഞു. അപ്പോൾ ശരണത്തിനും നമുക്കവിടെ സ്ഥാനമില്ല. എന്നാൽ സ്നേഹമോ, ഈ ആയുസ്സിൽത്തന്നെയല്ല, നിത്യായുസ്സിലും മനുഷ്യസമുദായത്തിനു ഒരുപോലെ ആവശ്യമായ ഒരു ശ്രേഷ്ഠഗുണമാകുന്നു. കാതോലിക്കാത്തിരുസ്സഭയിലെ മതസിദ്ധാന്തകന്മാർ ഇതു നമ്മെ പ്രബോധിപ്പിച്ചിട്ടുണ്ടു്. അതിനാൽ ഇഹത്തിലും പരത്തിലും അവശ്യജ്ഞമായിട്ടുള്ളതു സ്നേഹംതന്നെ. നാം ഇവിടെ സ്നേഹബന്ധത്തെപ്പറ്റി പ്രസ്താവിക്കുന്നതു കേരളീയ കത്തോലിക്കാ കോൺഗ്രസ്സിന്റെ അടിസ്ഥാനം സ്നേഹമായിരിക്കേണമെന്നു അനുസ്മരിപ്പിക്കാനാണു്. ഇന്നാലെയും ഇന്നുമായി ഈ മണ്ഡലത്തിൽ നടന്ന വാദപ്രതിവാദങ്ങളും അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങളും സ്നേഹമാകുന്ന അടിത്തറയിൽ പണിയിക്കപ്പെട്ടവയാണല്ലൊ. സഹോദര സമുദായങ്ങളുടെ അധഃപതനത്തെ സ്പർശിക്കുന്നതോ, അവരുടെ അഭ്യുദയത്തിനു വിഘാതം വരുത്തുന്നതൊ ആയ യാതൊന്നും നമുക്കു വിചാരിക്കുപോലും വഹിയാ. അതേസമയത്തുതന്നെ നമ്മുടെ സമുദായത്തിന്റെ അസമതകളും അവശതകളും പരിഹരിക്കുവാൻ പ്രയത്നിക്കേണ്ട കടമയും നമുക്കുണ്ടു്. കാതോലിക്കരായ നമുക്കു യാതൊരു സമുദായത്തോടും സ്നേഹക്കുറവു പാടില്ല. ഏതോരിടത്തേയ്ക്കും വഴിഞ്ഞൊഴുകുന്ന നിസ്വാർത്ഥപരമായ സ്നേഹമേ കാതോലിക്കു ജനതതിയി

ൽ കാണാവു. നമ്മുടെ സഹോദരി സമുദായങ്ങളുടെ സമുൽക
ർഷത്തെയും ഔന്നിക്കേണ്ട ഭാരം നമുക്കുണ്ട്. ജീവിതാഭിവൃദ്ധി
ക്കു സമുദായങ്ങളും തമ്മിലുള്ള മത്സരം ഇക്കാലത്തു സാഹായ്യമാ
യിരിക്കുമെന്നു ചിലർ പറയുന്നതായി നാം അറിയുന്നു. ജീവിത
മത്സരംകൊണ്ടു അഭിവൃദ്ധി സാധിക്കുമെന്നു പാശ്ചാത്യരാജ്യ മീ
മാംസകന്മാർ ഒരുകാലത്തു പറഞ്ഞിരുന്നു. ധനസമ്പാദനം മാ
ത്രമാണു ജീവിതോദ്ദേശം എന്നു സമർത്ഥിക്കുന്ന ചില തത്വചിന്തക
ന്മാരും ആവിർഭവിച്ചു. മനുഷ്യർ ഓരോരുത്തരും സ്വാർത്ഥപര
മായി പ്രയത്നിച്ചാൽ മാത്രമെ സമുദായത്തിനു ഐശ്വര്യമുണ്ടാ
കയുള്ളു എന്നു അവർ തത്വനിർദ്ദേശം ചെയ്തിരുന്നു. പതിനെ
ട്ടാം ശതകത്തിലെ ധനശാസ്ത്രരൂപീകരണമായിരുന്നു ഇതു്.
എന്നാൽ ആധുനിക ധനതത്വപണ്ഡിതന്മാർ ഈ അഭിപ്രായ
ങ്ങളും അബദ്ധമെന്നു തെളിയിച്ചിരിക്കുന്നു.

വ്യക്തികളുടെ സ്വാർത്ഥപരമായ പരിശ്രമങ്ങൾക്കു സാമുദാ
യികമായ ഐശ്വര്യങ്ങളെ സംജാതമാക്കുവാൻ സാധിക്കുകയി
ല്ല. അതു ദൈവികമായ പ്രമാണത്തിനും യഥാർത്ഥമായ പ്രേമ
ത്തിനും എതിരായ തത്വമത്രെ. കാരുണികനായ ദൈവത്തി
ന്റെ ഏകപുത്രനും രക്ഷകനുമായ ക്രിസ്തുവേശുവിന്റെ കുരിശ്ശു
തന്നെ പ്രേമത്തേയും പരിത്യാഗത്തേയും ദ്യോതിപ്പിക്കുന്നുണ്ട
ല്ലൊ. നിസ്വാർത്ഥപരമായി, സകലത്തിലും മേലായി ദൈവ
ത്തെ മുൻനിറുത്തി സാമുദായിക സംരംഭങ്ങൾ അനുവർത്തിക്കു
കയായിരിക്കണം നമ്മുടെ ആദർശം.

നമ്മുടെ പുരോഗമനമാർഗ്ഗമായിരിക്കേണ്ടതു ദൈവഭക്തി
യാണെന്നു നാം പറഞ്ഞുകഴിഞ്ഞു. കാതോലിക്കരായ നമുക്കു
ദൈവത്താൽ പ്രത്യക്ഷീകൃതമായ തിരുസ്സഭ സർവ്വലോകത്തിനും
യഥാർത്ഥദൈവഭക്തിയുടെ നിദർശനമത്രെ. അതിനാൽ ദൈ
വഭക്തിയെ അടിസ്ഥാനമാക്കി നമ്മുടെ ആദ്യപ്രമേയംതന്നെ
സദാധ്യക്ഷനായ മാപ്പിപ്പാ തിരുമനസ്സിലെ നേർക്കുള്ള ഭക്തി
നാം പ്രദ്യോതിപ്പിച്ചുകഴിഞ്ഞു. രണ്ടാമത്തെ പ്രമേയത്തെ
സൂചകമാണല്ലൊ. ബ്രിട്ടീഷ് ഗവർമ്മേണ്ടിനോടുള്ള രാജഭക്തി
പ്രമേയം രാജഭക്തി
ണ്ടിന്റെയും തിരുവിതാംകൂ

ർ കൊച്ചീമഹാരാജാക്കന്മാരുടേയും നേരെയുള്ള നമ്മുടെ നിഷ്കള
ങ്കഭക്തിയേയും നാം ഇവിടെ പ്രത്യക്ഷപ്പെട്ടുത്തുകയുണ്ടായി.
ഒരിക്കൽ വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊ
ണ്ടു പ്രസ്താവിച്ച തിരുവായ്മൊഴികൾ നമ്മുടെ സ്മരണയിൽ വരു
ന്നു. 'ശ്രീപരശുരാമൻ തന്നെ പുനർജ്ജീവനം ചെയ്തു ഇവിടെ
പ്രത്യക്ഷീഭവിക്കുന്നതായാൽ കേരളീയ സാമ്രാണിവർഗ്ഗത്തേക്കാൾ
രാജഭക്തിയിലും രാജ്യഭക്തിയിലും മുന്നിട്ടുനില്ക്കുന്ന ഒരു സമുദായ
ത്തെ കാണുവാൻ സാധിക്കയില്ല' എന്നായിരുന്നു അവിടുന്നരുളി
ച്ചെയ്തതു്. ഇന്നു വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു ഈ
കോൺഗ്രസ്സ് പന്തലിൽ എഴുന്നരുളുന്നതായാൽ, 'ശ്രീ പരശു
രാമൻ ഇന്നിവിടെ വരുന്നപക്ഷം കേരളീയ കത്തോലിക്കരെ
പ്പോലെ രാജഭക്തിയിൽ അദ്വിതീയമായ ഒരു സമുദായത്തെ ഇ
വിടെ കാണുകയില്ല' എന്നു നിസ്സംശയം അരുളിച്ചെയ്യുക ത
ന്നെ ചെയ്യും.


ദൈവഭക്തി, രാജഭക്തി, സഹോദരസ്നേഹം, സമുദായാഭി
മാനം മുതലായ വിശിഷ്ട ഗുണങ്ങളും രാഷ്ട്രീയവും, സാമുദായിക
വും, സാമ്പത്തികവുമായ പരിശ്രമങ്ങളും മനുഷ്യായുസ്സിന്റെ നാ
നാമുഖങ്ങളായ ഉല്ലംഘനത്തിനു നിദാനമത്രെ. ഇതിൽ എല്ലാം
മുന്നിട്ടു പ്രവൃത്തിക്കുന്ന ഒരു സമുദായത്തേയും ആ സമുദായത്തെ
അലങ്കരിക്കുന്ന അനേകം സമർത്ഥന്മാരായ ചെറുപ്പക്കാരേയും,
ഈ യോഗത്തിൽ നമുക്കുശേഷം ആദ്ധ്യക്ഷം വഹിച്ച പ്രൊഫ
സ്സർ പട്ടയേയുംപറ്റി ചിന്തിക്കുമ്പോൾ കേ. ക. കോൺഗ്രസ്സി
ന്റെ ഭാവി ശ്രേയാൻമുഖമായിത്തന്നെ നമുക്കു കാണപ്പെടുന്നു.
ദൈവത്തിന്റെ കരുണയാൽ സമുദായസേവനത്തെ മുൻനിറുത്തി
യുള്ള നിങ്ങളുടെ പരിശ്രമങ്ങൾ ഭാവൈശ്വര്യത്തിന്റെ പ്രത്യ
ക്ഷലക്ഷണങ്ങളാകുന്നുണ്ടു്. അതിനാൽ നമുക്കു സധൈര്യം സാ
യികോന്നമനങ്ങൾക്കു പരിശ്രമിക്കാം. അതു നമ്മുടെ ക
ന്നു. സകല സംരംഭങ്ങൾക്കും സംഘടനയാവശ്യമ
താചിക്കാതിരുന്നാലെയെപ്പോലെ പൂർണ്ണസം
ല്ല. ഒരു രാഷ്ട്രമില്ല. ഒരു മതവു
ത്തെ. എന്നാൽ കാ
ഘടനയോടുകൂടിയ ഒരു സഭയും

മില്ല. എങ്കിലും അഖില കേ. ക. കോൺഗ്രസ്സിന്റെ രാഷ്ട്രീയ സംഘടനയ്ക്കായി ഉത്സാഹസമ്പന്നനായ തയ്യിൽ കുഞ്ഞിത്തൊമ്മനെ നിയമിച്ചതിൽ നമുക്കു പ്രത്യേകം സന്തോഷമുണ്ട്. മൈസൂരിന്റെയും സഭയുടേയും സമുദായത്തിന്റെയും നേരെയുള്ള കടമകളെ യഥാമതി നിർവ്വഹിക്കുന്ന ഒരു മഹാനാണു അദ്ദേഹം. ഇനിയും സഹപ്രവർത്തകന്മാരുടേയും മറ്റുള്ളവരുടേയും പ്രയത്നത്താൽ അടുത്തകൊല്ലത്തിൽ സകലർക്കും തൃപ്തികരമായ ഒരു റിപ്പോർട്ട് വായിച്ചു കേൾപ്പാനിടവരുമെന്നാശിച്ചുകൊണ്ടു ഈ കോൺഗ്രസ്സിനേയും അതിലെ അംഗങ്ങളേയും മറ്റെല്ലാവരേയും നാം ആശീർവ്വദിച്ചുകൊള്ളുന്നു.

ഉടക്കുസൂചിത്തുന്നൽ.

(മിസ്സസ്സ് കൊൺസിസെ, ചാരുമൂട്, തുറനാട്)

IV. കുട്ടികളുടെ ഗൌൺ — Frock.



ഇതു വെള്ളയും റോസും നിറമുള്ള നൂലുകൊണ്ടും തയ്ക്കാം. തയ്യൽ ടെബിളാണ്. ആദ്യമായി വെള്ള നൂലുകൊണ്ടു നാല്പത്തിരണ്ടു തുടലുകൾ തയ്ക്കണം.

ഒന്നാംവരി:— സൂചിയിൽ നിന്നും മൂന്നാമത്തെ തുടൽ മുതൽ നാല്പതു തുടലുകൾ തയ്ക്കണം.

രണ്ടാംവരി:— രണ്ടു തുടലുകൾ ഇട്ട് മുമ്പിലത്തെ നാല്പതു തയ്യലുകളിലും നാല്പതു തയ്യലുകൾ തയ്ക്കണം. തയ്യലിന്റെ അകത്തെ നൂൽ മാത്രമെടുത്തു തയ്ക്കണം. അപ്പോൾ തയ്യൽ വരിവരിയായി കാണാം. ഇങ്ങിനെ പതിമൂന്നുവരികൾ തയ്ക്കണം. തോൾ ഭാഗത്തിനു രണ്ടു തുടലുകൾ ക്രമേ ഇടണം. സൂ

ചിയിൽനിന്നും മൂന്നാമത്തെ തുടൽ നാല്പത്തിരഞ്ച് തയ്യലുകൾ വരിയുടെ അവസാനംവരെ തയ്ക്കണം. രണ്ടു തുടലുകൾ ഇട്ടു തിരിച്ചു് ഒരു വരിക്രൂടിത്തയ്ക്കണം. കൈക്കുഴിക്കു് ഇരുപത്തിരണ്ടു തുടലുകൾ ഇട്ടു തിരിച്ചു്, മുമ്പിലത്തെ വരിയുടെ ഇരുപത്തിമൂന്നാമത്തെത്തയ്യൽ മുതൽ വരിയുടെ അവസാനംവരെ ഇരുപത്തിമൂന്നു തയ്യലുകൾ തയ്ക്കണം. രണ്ടു തുടലുകൾ ഇട്ടു് തിരിച്ചു ഇപ്പോൾ തച്ച ഇരുപത്തിമൂന്നു തയ്യലുകളിൽ ഇരുപത്തിമൂന്നു തയ്യലുകളും ഇരുപത്തിരണ്ടു തുടലുകളിൽ ഇരുപത്തിരണ്ടു തയ്യലുകളും തയ്ക്കണം.

രണ്ടു തുടലുകളിട്ടു് തിരിച്ചു വരിയുടെ അവസാനംവരെ വീണ്ടും തച്ചു നിറുത്തുക. ഇതുപോലെ തയ്ക്കുമ്പോൾ പുറകിന്റെ വലത്തു ഭാഗമായി. ഇതുപോലെ ഇടത്തു ഭാഗവും തയ്ക്കണം.

ഇനിയും ഉടുപ്പിന്റെ മുൻ ഭാഗത്തേക്കു് നാല്പത്തിരണ്ടു തുടലുകൾ ഇട്ടു മൂന്നാമത്തെ തുടൽ മുതൽ നാല്പതു തയ്യലുകളായി പതിനേഴു വരികൾ തയ്ച്ചെടുക്കണം. മുമ്പിലത്തേപ്പോലെ തോൾഭാഗത്തേക്കു് ഏഴു തുടലുകൾ ഇട്ടു രണ്ടു വരികൾ നാല്പത്തഞ്ചു് തയ്യലുകളായിത്തയ്ക്കണം. പിന്നീടു് കൈക്കുഴിക്കു് ഇരുപത്തിരണ്ടു തുടലുകൾ ഇട്ടു് ഇരുപത്തിമൂന്നാമത്തെത്തയ്യൽ മുതൽ ഇരുപത്തിമൂന്നു തയ്യലുകൾ തയ്ക്കണം. രണ്ടു തുടലുകൾ ഇട്ടു, തിരിച്ചു ഇരുപത്തിമൂന്നിൽ ഇരുപത്തിമൂന്നും ഇരുപത്തിരണ്ടു തുടലുകളിൽ ഇരുപത്തിരണ്ടു തയ്യലുകളും തയ്ക്കണം. പിന്നീടു തോൾഭാഗവും ഇരുവശവും ക്രൂട്ടിത്തുന്നണം. കുരുക്കുകൾ ശരിപ്പെടുത്തണം. ഇതിനു കഴുത്തുഭാഗത്തു വെള്ള നൂലുകൊണ്ടു് മൂന്നുവരി ടെബിളിൽ അഞ്ചുഇരട്ട തച്ചാൽ സല്പം ചുരുങ്ങിവരും. രണ്ടാമത്തെവരി റോസ്നൂൽകൊണ്ടു തയ്ക്കണം. ഈ മുമ്പിലത്തെ ഓരോ തയ്യലിലും ഓരോ ടെബിൾ തയ്ക്കണം. എന്നാൽ തോൾഭാഗത്തുവരുമ്പോൾ രണ്ടു തയ്യലുകൾ ഒന്നായി(അതായതു് സൂചി രണ്ടു തയ്യലുകളിൽ ഒരേ സമത്തു് കടത്തി) തയ്ക്കണം. ഇങ്ങിനെ ഈരണ്ടു പ്രാവശ്യം രണ്ടു തോളുകളിലും തയ്ക്കണം. രണ്ടു ചുറുക്കുടി ഈ വിധം തയ്ക്കണം. ഇനിയുടത്ത

ചുറ്റിൽ ആദ്യത്തേയും രണ്ടാമത്തേയും തയ്യലുകളുടെ മദ്ധ്യേ ഒരു വരി ഇരട്ടത്തയ്യൽ തച്ചിട്ട്, നാലുതുടലുകളം ഇട്ട് ഇരട്ടതച്ച സ്ഥലത്തു് ഒരൊറ്റ തയ്ക്കണം. രണ്ടു തയ്യലുകളം വിട്ടിട്ട മൂന്നാമത്തെ തയ്യലിൽ ഇപ്പോളം തച്ചവിധം തയ്ക്കണം. ഇങ്ങിനെ കഴത്തിന്റെ ചുറ്റുമുഴുവൻ തച്ചു നിറുത്തണം.

കൈക്കു വെള്ളനൂൽ കൊണ്ടു ഒന്നാമത്തെ ചുറ്റു കൈക്കുഴിയുടെ കീഴ്ഭാഗത്തു തുടങ്ങി അവിടെ മൂന്നു ടെബിളം തയ്ക്കണം. പിന്നീട്ട നാല്പത്തിനാലു ടെബിളം ചുറ്റും തയ്ക്കണം. രണ്ടാം ചുറ്റ് റോസ്നൂലുകൊണ്ട് തയ്ക്കണം.

രണ്ടാംചുറ്റ്:— മുമ്പിലത്തേ ഓരോ തയ്യലിലും ഓരോ ടെബിളം തയ്ക്കണം. എന്നാൽ കൈയുടെ കീഴ്ഭാഗത്തെ രണ്ടു തയ്യലുകളം ഒന്നായി എടുത്തു രണ്ടു പ്രാവശ്യം തയ്ക്കണം.

മൂന്നാംചുറ്റ്:— രണ്ടാം ചുറ്റുപോലെ തയ്ക്കണം.

നാലാംചുറ്റ്:— ആദ്യത്തേയും രണ്ടാമത്തേയും ടെബളിന്റെ മദ്ധ്യേ ഒരിരട്ട തയ്ക്കുക. *നാലു തുടലുകളം ഇട്ടു ഒരൊറ്റ തയ്ക്കുക. ഇതു ഇപ്പോളം ഇരട്ട തച്ച സ്ഥലത്തു തയ്ക്കണം. രണ്ടു തയ്യലുകളം വിട്ടിട്ട് മൂന്നാമത്തെത്തയ്യലിൽ ഒരു ഇരട്ട തയ്ക്കുക. * ഈ അടയാളം മുതൽ മറേറയടയാളം വരെയുള്ള തയ്യലുകളം കൈയുടെ ചുറ്റു മുഴുക്കെത്തയിച്ചു നിറുത്തുക. മറേറക്കയ്യും ഈ വിധം തയ്ക്കണം.

ഉടുപ്പിന്റെ കീഴ്ഭാഗം വെള്ളനൂൽ കൊണ്ടാണ് തയ്ക്കേണ്ടതു്.

ഒന്നാംചുറ്റ്:— മുമ്പിലത്തേ ഓരോവരി തയ്യലിലും ഈരണ്ടിരട്ടകളം തയ്ക്കണം.

രണ്ടാംചുറ്റ്:— റോസ് നൂൽകൊണ്ടു മുമ്പിലത്തേ ഓരോ തയ്യലിലും ഓരോ ടെബിളം വീതം തയ്ക്കണം. മുമ്പിലത്തേത്തയ്യലിന്റെ മുകളം ഭാഗം നൂൽമാത്രമെടുത്തു വേണം ഇതു തയ്ക്കാൻ.

മൂന്നും നാലും ചുറ്റുകളം — രണ്ടാമത്തേ ചുറ്റു പോലെ തയ്ക്കണം.

അഞ്ചാംചുറ്റ്:— വെള്ളനൂൽകൊണ്ടു തയ്യലിന്റെ രണ്ടു നൂലും എടുത്തു മുമ്പിലത്തെ ഓരോ തയ്യലിൽ രണ്ടിരട്ടകൾ തയ്ക്കണം.

ആറാംചുറ്റ്:— തയ്യലിന്റെ ഒരു നൂൽമാത്രമെടുത്തു തയ്ക്കണം. ആദ്യത്തെതയ്യലിൽ മൂന്നിരട്ടത്തയ്യലുകളും പിന്നീടു വരുന്ന നാലു തയ്യലുകളിൽ ഓരോ ഇരട്ടയും വീണ്ടും വരുന്ന തയ്യലിൽ മൂന്നിരട്ടകളും ഇങ്ങിനെ മൂന്നു ചുറ്റുമുഴുക്കെതയ്ക്കണം.

ഏഴാംചുറ്റ്:— മുമ്പിലത്തെ മൂന്നിരട്ടകളുടെ മദ്ധ്യേ മൂന്നിരട്ടകളും പിന്നീടുവരുന്ന രണ്ടിരട്ടകളിൽ ഓരോ ഇരട്ടയും പിന്നെ മുമ്പിലത്തെ മൂന്നിരട്ടകളുടെ മദ്ധ്യേ മൂന്നിരട്ടകളും ഇങ്ങിനെ ചുറ്റുമുഴുക്കെതയ്ക്കണം.

ഏഴാമത്തെചുറ്റുപോലെ ഏഴുചുറ്റുകൾ കൂടിതയ്ക്കണം.

പതിനഞ്ചാംചുറ്റ്— മുമ്പിലത്തെ മൂന്നിരട്ടകളുടെ മദ്ധ്യേ മൂന്നിരട്ടകളും പിന്നീടുവരുന്ന രണ്ടിരട്ടകളിൽ ആദ്യത്തേതിൽ ഒരിരട്ടയും പിന്നത്തേതിൽ രണ്ടിരട്ടകളും വീണ്ടും മൂന്നിരട്ടകളുടെ മദ്ധ്യേ മൂന്നിരട്ടകളും ഇങ്ങിനെ ചുറ്റുമുഴുക്കെതയ്ക്കണം.

പതിനാറാംചുറ്റ്:— മുമ്പിലത്തെ മൂന്നിരട്ടകളുടെ മദ്ധ്യേ മൂന്നിരട്ടകളും അടുത്തു വരുന്ന മൂന്നിരട്ടകളിലും ഓരോ ഇരട്ടയും ഇങ്ങിനെ ചുറ്റുമുഴുക്കെതയ്ക്കണം.

ഇപ്രകാരം അഞ്ചുചുറ്റുകൾ കൂടിതയ്ക്കണം.

ഇരുപത്തിരണ്ടാംചുറ്റ്:— റോസ് നൂലുകൊണ്ടു മുമ്പിലത്തെ മൂന്നിരട്ടകളുടെ മദ്ധ്യേ മൂന്നു ടെബിളും പിന്നീടു വരുന്ന മൂന്നു തയ്യലുകളിലും ഓരോ ടെബിളും രണ്ടിരട്ടകൾ വിട്ടിട്ടു പിന്നീടു വരുന്ന മൂന്നിരട്ടകളിൽ ഓരോ ടെബിളും ഇങ്ങിനെ ചുറ്റുമുഴുക്കെതച്ചു നിറുത്തുക. പുറകിൽ അഞ്ചു ബട്ടൺസ് തുന്നിപിടിപ്പിച്ചു തയ്യലിന്റെ ഇടയിൽ കൂടിപൂട്ടാം.

കഴുത്തു ചുരുക്കേണ്ടതായി തോന്നുന്നുവെങ്കിൽ തുടലുകൾ തയ്ച്ചുകൊരുത്തു കുഞ്ഞുങ്ങളുമായി ഉപയോഗിക്കാം.

കുറിപ്പുകൾ.

ഇന്ത്യയുടെ പുതിയ ദെലഗാദ് അപ്പസ്തോലിക്കയായി മോൺസിഞ്ഞോർ പിഴയർ കിഴയക്കൽസ് എന്ന ദേഹം നിയമിതനായിരിക്കുന്നു. ഫ്രഞ്ചുകാ ഡിസമ്പർ ഫ്രഞ്ചാംനു- ഹോളണ്ടിൽ ഇദ്ദേഹം ജനിക്കയും ഫ്രഞ്ചൻ മേയ് ഫ്രഞ്ചാംനു- പാഷണിസ്റ്റസഭയിൽ സന്ന്യാസവ്രതമനുഷ്ഠിക്കയും ഫ്രൻസ്യൽ വൈദികപട്ടം സ്വീകരിക്കയും ചെയ്തു. യൂറോപ്പിലെ മിക്കഭാഷകളും തിരുമനസ്സിലേയ്ക്കു സ്വാധീനമാണ്. ഒരു സന്ന്യാസസഭാംഗം ഇന്ത്യയുടെ ദെലഗാദ് അപ്പസ്തോലിക്കയായിത്തീരുന്നത് ഇതു ആദ്യമായിട്ടാണ്.

ദേഹസുഖാർത്ഥം വെല്ലിംഗ്ടണിൽ എഴുന്നെള്ളി താമസിച്ചിരുന്ന കൊച്ചി മെത്രാനച്ചൻ ഡോക്ടർ റിബെയിരൊ തിരുമനസ്സുകൊണ്ടു മേയ് ഫ്രഞ്ചാംനു- വ്യാഴാഴ്ച ഉച്ചയാട്ടുകൂടി കാലം ചെയ്തിരിക്കുന്നു എന്ന ദുഃഖവാർത്ത ഞങ്ങൾ വ്യസനപൂർവ്വം അറിയിച്ചു കൊള്ളുന്നു. തിരുമനസ്സിലെ മൃതശരീരം കൊച്ചിയിൽ കൊണ്ടുവന്നു ആഭിജാത്യസമേതം സംസ്കരിക്കയുണ്ടായി.

മംഗലാപുരം രൂപതയുടെ മെത്രാനായിരുന്ന മൊ. റൈറവ് റവ. വിക്ടർ ഫെർണാണ്ടസ് അവർകളേയും വിജയപുരം രൂപതയുടെ മെത്രാനായി മൊ. റൈറവ് റവ ബൊനവഞ്ചുരാ സി. ഡി. അവർകളേയും നിയമിച്ചു കൊണ്ടുള്ള ബുള്ളാ റോമായിൽ നിന്നും വന്നുചേർന്നിരിക്കുന്നു. പുതിയ തിരുമേനിമാർക്കു ഞങ്ങൾ ഹൃദയപൂർവ്വം സർവ്വവിധമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

യൂറോപ്യൻ സഞ്ചാരത്തിനായി പോയിരുന്ന റൈറവ് റവ. മൊൺസിഞ്ഞോർ ആർക്കാനി പുതുശ്ശേരി അവർകളും റോമായിൽവെച്ചു ഡി. ഡി. പരീക്ഷയിൽ ചേർന്നു വിജയിയായിത്തീർന്നിരിക്കുന്നു. മാപ്പിപ്പാ തിരുമേനിയെ മുഖം കാണിച്ചു ശേഷം അദ്ദേഹം വേറെ ചില യൂറോപ്യൻ രാജ്യങ്ങളും കൂടി സന്ദർശിച്ചു പലസ്തീനാവഴി ഇന്ത്യയിലേയ്ക്കു മടങ്ങാനാണ് നിശ്ചയിച്ചിരിക്കുന്നതെന്നറിയുന്നു.

അന്തോനീസു പുണ്യവാന്റെ ശതാബ്ദപൂജ്ഞാചിയാരോഷം പ്രമാണിച്ചു പാടുവായിൽ ഇരുപതു ലക്ഷം തീർത്ഥയാത്രക്കാരെ സ്വീകരിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. മാപ്പിപ്പായുടെ സ്ഥാനാപതിയായി പോകുന്നതു ലീഗാ കർദ്ദിനാളായിരിക്കും. ഇത്താല്യൻ രാജകുടുംബത്തിന്റെ സാന്നിധ്യവും ഈ അവസരത്തിലുണ്ടായിരിക്കുന്നതാണ്.

മാപ്പിപ്പാ തിരുമനസ്സുകൊണ്ടു എല്ലാ കർദ്ദിനാളന്മാർക്കും പരിശുദ്ധ സിംഹാസനത്തിലെ രാഷ്ട്രീയ സ്ഥാനാപതികൾക്കും ഓരോ വിദ്വദ്ഗ്രന്ഥങ്ങളും സ

ഞാനമായി കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ളതായി ഒരു റിപ്പോർട്ടിൽ കാണുന്നു.

സ്പെയിനിൽ ഇപ്പോൾ കഴപ്പുണ്ടായിട്ടുള്ളും ശമിച്ചതിനാൽ അവിടെ നടപ്പാക്കിയ സൈനിക നിയമം ഉടൻതന്നെ പിൻവലിക്കുന്നതാണ്. ലൂൺ വധ-ാംനു- പുതിയ ഒരു തെരഞ്ഞെടുപ്പു നടത്തപ്പെടുന്നതാണ്.

ചൈനായിൽ അടുത്തകാലം ബാഹ്യം ആരംഭിച്ചപ്പോൾ വ,൫൦൦ പ്രോട്ടസ്റ്റാൻറു മിഷ്യനറിമാരുണ്ടായിരുന്നു; ഇപ്പോൾ അവിടെ ൪,൦൦൦ പേർ മാത്രമെ താമസിക്കുന്നുള്ളൂ.

കുടിയാലിക്ക വൈദികരുടെ സംഖ്യയാകട്ടെ കുറയുന്നതിനു പകരം അത്യുത്സാഹമായി വർദ്ധിക്കയാണ് ചെയ്തിട്ടുള്ളതു. അവർ ഫ്രൻസ്-ൽ ൫,൫൦൧ ആയിരുന്നു; കഴിഞ്ഞകൊല്ലത്തെ കണക്കിൽ ൫,൮൫൦ ആയി വർദ്ധിച്ചിട്ടുണ്ട്. സഹോദരന്മാർ ഫ്രൻസ്-ൽ നിന്നു ഒഴിയുകയും, കന്യാസ്ത്രികൾ ൫,൪൭൨-ൽ നിന്നു ൫,൯൩൫ ആയും അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. ഏതദ്ദേശീയരായ ൪,൭൯൦ വാക്കന്മാർ സെമ്മനാരികളിൽ വൈദിക പഠനം നടത്തുന്നു. കഴിഞ്ഞ ഒരു വർഷത്തിൽ ൫൩൪,൪൭൨ പേർ മാനസാന്തരപ്പെടുകയും ചെയ്തു. സജാതിയരായ ൭൭൨ മെത്രാന്മാരേയും അവർക്കു ലഭിച്ചു കഴിഞ്ഞു. കുടിയാലിക്കസഭയുടെ ഭാവി അവിടെ ആശാജനകം തന്നെ എന്നു പറയേണ്ടിയിരിക്കുന്നു.

വില്യം മൂന്നാമൻറെ (William III.) പട്ടമഹിഷിയായ മേരി രാജ്ഞിയോടു മരണത്തിനു തയ്യാറാകണമെന്നു അറിയിച്ചപ്പോൾ അവർ ഇപ്രകാരം പറഞ്ഞു. "ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ഈ ചിന്ത എല്ലായ്പോഴും എൻറെ ബോധത്തിൽ ധരിച്ചിരുന്നതിനാൽ അവസാനനാഴികയിൽ നിവർത്തിക്കേണ്ടതായി ഞാൻ ഒന്നും നീട്ടിവെച്ചിട്ടില്ല."

പാരീസിൽ തിരുഹൃദയത്തിൻറെ ബസിലിക്കാ ദേവാലയത്തിൽവെച്ചു മാനസാന്തരപ്പെട്ട ന്യൂയഹൂദന്മാർ മിശിഹാരാജനു ആരാധന സമർപ്പിച്ചിരിക്കുന്നു.

ചൈനായിലെ ജനാധിപത്യ പ്രസിഡണ്ടായ മാർഷൽ ചാങ്കൈ-ഷായീ സെക്കു കുടിയാലിക്കമതം സ്വീകരിച്ചതായി പത്രങ്ങളിൽ കാണുന്നു.

അമ്മേരിക്കയിൽ പെൻസൽവെനിയ (Pennsylvania) എന്ന സ്ഥലത്തിലെ ഇരിമ്പു രാജൻ (Iron King) എന്നു വിളിക്കപ്പെടുന്ന കോടീശ്വരനായ ചാൾസു സകപ്പിൻറെ (Charles Schwab) ഏകപുത്രി ഗ്രീസുബർഗ്ഗിലെ കർമ്മലീത്താ കന്യകകളുടെ മഠത്തിൽ ഒരു അംഗമായി ചേർന്നിരിക്കുന്നു.

ഉപകാരസ്മരണ.

നമ്മുടെ കർത്താവിന്റെ തിരുഹൃദയ കാരുണ്യത്താൽ എനിക്കു ലഭിച്ച പ്രത്യേക അനുഗ്രഹങ്ങൾക്ക് ഞാൻ ഹൃദയപൂർവ്വം ഉപകാരസ്മരണ ചെയ്യുന്നു. എഫ്. പി. എൻ.

പി. അന്തോനീസിന്റെ അനുഗ്രഹത്താൽ ശരീരികവും ലൌകികവുമായ അനേകനന്മകൾ ലഭിച്ചതിനു ഞാൻ നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു. ജെ. പി.

നിലക്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ഈ മാസം മുതൽ ചുമയ്ക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്പർശംകൂടാതെ പറയാം. ഒരു കുപ്പിക്കു വില ക. ൨-൪൨-൦

കാസശ്വാസ നിവാരണി.

നിങ്ങൾ പലതരം ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. നിശ്ചയായിട്ടും സുഖം കിട്ടും. കുപ്പി ഒന്നിനു ക. ൪-൮-൦.

പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴക്കിയ പ്രമേഹവും പൂർണ്ണ സുഖമാകുന്നതാണ്. ഒരു കുപ്പിക്കു വില ക. ൪-൪൨-൦.

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സോദം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിനു' എല്ലാ നീർരോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉണ്ണുപുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റുസ്,

നമ്പ്ര് ൧൫, കോഴിക്കോട്ട്, മല.

Reg. No.. C. 130.

പഞ്ചാംഗം.

ജൂൺ 1931.

ഇടവം.

൧൬	1	തി.	വി.	പംഫീലസ്.
൧൭	2	ചൊ.	വി.	മർചേലീനസ്.
൧൮	3	ബു.	വി.	ഒലീവാ.
൧൯	4	വ്യാ.	✠	വി. ക്വിന്താ.
൧൰	5	വെ.	വി.	ബൊനിഫാ. മെ.
൧൱	6	ശ.	വി.	നോർബെർട്ട്.
൧൲	7	ഞാ.	✠	ഭാ. ബാർത്തൊ. അന്ന.
൧൳	8	തി.	വി.	വിശ്വം.
൧൴	9	ചൊ.	വി.	മാക്രിനി.
൧൵	10	ബു.	വി.	റിച്ചർഡ് മെ.
൧൶	11	വ്യാ.	വി.	ബസ്സ്വാ ശ്ലീഹാ.
൧൷	12	വെ.		നി. കു. തിരുഹൃദയം.

മിഥുനം.

൧൸	13	ശ.	വി	അന്തോനി.
൧൹	14	ഞാ.	✠	വി. ബസലീസ്.
൧ൺ	15	തി.	വി.	വീത്തസ്.
൧ൻ	16	ചൊ.	വി.	ഫെറയോൽ ര.
൧ർ	17	ബു.	വി	മൊൻതാനസ്.
൧ൽ	18	വ്യാ.	വി.	അപ്രേം.
൧ൾ	19	വെ.	വി.	ഗർവ്വാസീസും, പ്രോത്താസീസും.
൧ഴ	20	ശ.	വി	സിൽവേരി. പാ.
൧ള	21	ഞാ.	✠	വി. ളയീസ് ഗോൺ.
൧റ	22	തി	വി	പൌലിനൂ. മെ.
൧ൻ	23	ചൊ.	വി.	അഗ്രീപ്പാ. (ഇ. വി.)
൨൦	24	ബു.	വി.	യോഹ. മാഭാ. പിറ.
൨൧	25	വ്യാ.	വി	വിശ്വം.
൨൨	26	വെ.	വി	യോഹന്നാ. പു.
൨൩	27	ശ.	വി.	ലദിസ്ലാസ്.
൨൪	28	ഞാ.	✠	വി. ലെഒൻപാപ്പാ.
൨൫	29	തി.	✠	വി. പത്രോസ് പൗലോസ്.
൨൬	30	ചൊ.	വി.	പൗലോസ്.

കർക്കടകം.

✠ എല്ലാവക്കും കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D. THEVARA, ERNAKULAM, S. INDIA.